തന്റേടം കാണിച്ചിരുന്ന ഒരു വലിയ ബഹുമുഖ പ്രതിഭയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം നമ്മുടെ മെഡിക്കൽകോളേജ് ആശുപത്രിയിൽ വച്ചായിരുന്നല്ലോ എന്നോർക്കുമ്പോൾ അത് നമ്മെ കൂടുതൽ വേദനിപ്പിക്കുന്നുവെന്നുള്ള കാര്യവും നമുക്ക് നിഷേധിക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ നിര്യാണം ഈ സംസ്ഥാനത്തിനും രാജ്യത്തിനും വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും, അദ്ദേഹത്തിന്റെ വേദനിക്കുന്ന കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും രാവിലെ 10.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(രാവിലെ 10.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.48-ന് പിരിഞ്ഞു.)

(രാവിലെ 9.48-ന് പിരിഞ്ഞ സഭ ഇടവേളയ്ക്കുശേഷം രാവിലെ 10.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.)

മുൻമുഖ്യമന്ത്രി ഇ. കെ. നായനാർ, തിരു-കൊച്ചി മുൻ നിയമസഭാ സ്പീക്കർ എ. എം. തോമസ്സ് എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: മുൻമുഖ്യമന്ത്രിയും സി. പി. എം. പോളിറ്റ്ബ്യൂറോ അംഗവുമായ ഇ. കെ. നായനാരുടെ നിര്യാണം സമീപകാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായതിൽ വച്ച് ഏറ്റവും ദുഃഖകരമായ ഒരു സംഭവമാണ്. സ്വാതന്ത്ര്യസമരഭടൻ, പത്രപ്രവർത്തകൻ, സംഘാടകൻ, പാർലമെന്റേറിയൻ, ഭരണാധികാരി എന്നീ നിലകളിൽ ആറു പതിറ്റാണ്ടുകാലം കേരളത്തിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന നായനാർ ജനപ്രിയനായ ഒരു നേതാവും കർമ്മധീരനായ ഒരു വിപ്ലവകാരിയുമായിരുന്നു.

1919 ഡിസംബർ 9-ാം തീയതി കല്ല്യാശ്ശേരി ഗോവിന്ദൻ നമ്പ്യാരുടെ മകനായി ജനിച്ച കൃഷ്ണൻ നായനാർ സ്കൂൾ ഫൈനൽ വിദ്യാഭ്യാസം കഴിഞ്ഞ് രാഷ്ട്രീയരംഗത്ത് പ്രവേശിച്ചു. കാർഷിക-വ്യാവസായിക മണ്ഡലങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പൊതുപ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരെ മലബാർ പ്രദേശത്ത് ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ അദ്ദേഹത്തെ ആവേശഭരിതനാക്കി. ചരിത്രപ്രസിദ്ധമായ കയ്യൂർ കർഷക മുന്നേറ്റത്തിലും മൊറാഴ സമരത്തിലും ഭാഗഭാക്കായതിനാൽ അദ്ദേഹത്തിന് ദീർഘകാലം ഒളിവിൽ കഴിയേണ്ടിവന്നു. 1940-ൽ ആറോൺമിൽ സമരത്തിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്ത നായനാർക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടതിനെത്തുടർന്ന് ജയിൽവാസം

LIBRARY ARCHIVES Kerala Legislative Assembly

അനുഷ്ഠിക്കേണ്ടതായും വന്നു. ഉത്തരകേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. നായനാരുടെ സംഘടനാപാടവത്തിന്റെ അംഗീകാരമായിട്ടാണ് അദ്ദേഹത്തെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ജില്ലാ സെക്രട്ടറിപദം നൽകി കോഴിക്കോട്ടേയ്ക്കയച്ചത്. പാർട്ടിയിലുണ്ടായ വിഭജനത്തെ തുടർന്ന് അദ്ദേഹം മാർക്സിസ്റ്റ് പക്ഷത്ത് നിലയുറപ്പിച്ചു. തുടർന്ന് അദ്ദേഹം പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും പോളിറ്റ് ബ്യൂറോ അംഗവുമായി.

1967-ൽ നായനാർ ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആദ്യമായി അദ്ദേഹം കേരള നിയമസഭാംഗമാകുന്നത് 1974-ൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിലൂടെയാണ്. 1980-ൽ വീണ്ടും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട നായനാർ ഒരു നിയോഗം പോലെ പുതിയ കൂട്ടുകക്ഷി സംവിധാനത്തിൽ മുഖ്യമന്ത്രിയായി. ആ മന്ത്രിസഭ കാലാവധി പൂർത്തിയാക്കിയില്ലെങ്കിലും പിന്നീട് 1987 മുതൽ 1991 വരെ സംസ്ഥാനത്ത് ഒരുറച്ച ഭരണം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് കഴിഞ്ഞു. 1996-ൽ നടന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കാതിരുന്നിട്ടും രാഷ്ട്രീയ നിരീക്ഷകൻമാരുടെ പ്രവചനങ്ങൾ തെറ്റിച്ചുകൊണ്ട് മുഖ്യമന്ത്രിപദം അദ്ദേഹത്തെ തേടിയെത്തുകയായിരുന്നു. കാലാവധി പൂർത്തിയാക്കി 2001-ലാണ് അദ്ദേഹം ആ സ്ഥാനമൊഴിഞ്ഞത്. അങ്ങനെ ഏറ്റവും കൂടുതൽ കാലം കേരളം ഭരിച്ച മുഖ്യമന്ത്രി എന്ന ബഹുമതിക്ക് അർഹനാകുകയും മുന്നണി രാഷ്ട്രീയത്തിന്റെ സമർത്ഥനായ പ്രയോക്താവായി പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്തു. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്ന പല കർമ്മപരിപാടികളും തന്റെ ഭരണകാലത്ത് നടപ്പാക്കാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. നായനാർക്ക് പത്രപ്രവർത്തനത്തിൽ ദീർഘകാല പരിചയമുണ്ടെന്നു മാത്രമല്ല ഒരു പത്രപ്രവർത്തകനാണെന്ന കാര്യം അഭിമാനത്തോടെ അദ്ദേഹം ഓർമ്മപ്പെടുത്താറുമുണ്ടായിരുന്നു. പ്രസംഗകലയിലും തനതായ ഒരു ശൈലി അദ്ദേഹം ആവിഷ്ക്കരിച്ചു. സാധാരണക്കാരായ ശ്രോതാക്കളെ തന്നിലേയ്ക്കടുപ്പിക്കാനും രസിപ്പിക്കാനും ആവേശംകൊള്ളിക്കാനും ആ ശൈലി അദ്ദേഹം സമർത്ഥമായി പ്രയോഗിക്കുകയും ചെയ്തു.

പ്രത്യയശാസ്ത്രത്തിന്റെ കാർക്കശ്യത്തെക്കാൾ മാനുഷികമായ മാർദ്ദവ ഭാവങ്ങളായിരുന്നു നായനാരുടെ വ്യക്തിത്വത്തിൽ നിറഞ്ഞുനിന്നത്. കക്ഷിരാഷ്ട്രീയത്തിന്റെ അതിർവരമ്പുകൾക്കതീതമായ ജനസമ്മതി നേടാൻ അദ്ദേഹത്തിനു കഴിഞ്ഞതിന്റെ കാരണവും മറ്റൊന്നല്ല. രാഷ്ട്രമീമാംസയുടെ ഗഹനമായ ചിന്താപദ്ധതികൾ വിശകലനം ചെയ്ത് മനനിനടിക്കുന്നതും കൗശലപൂർവ്വം കരുക്കൾ നീക്കി അധികാരരാഷ്ട്രീയത്തിന്റെ അടവുകൾ പയറ്റുന്നതും നായനാരുടെ ഇഷ്ടവിഷയങ്ങളായിരുന്നില്ല. ഉള്ളിൽ തോന്നുന്നത് ഉറക്കെ പറയുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ആ രീതി പരുക്കനാണെന്ന് തോന്നാമെങ്കിലും നിഷ്കളങ്കമായിരുന്നു. ശത്രുഭേദമില്ലാതെ പലരും നിശിതമായ ആ കോലത്തുനാടൻ ഭാഷയുടെ മൂർച്ചയറിഞ്ഞിട്ടുണ്ട്.

നായനാരുടെ ആദ്യത്തെ മന്ത്രിസഭയിൽ ആരോഗ്യം, ടൂറിസം എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായി പ്രവർത്തിക്കാൻ ചെയറിന് അവസരം ലഭിച്ചു. 1982 മുതൽ 1984 വരെ സഭാദ്ധ്യക്ഷനായിരിക്കുമ്പോൾ പ്രതിപക്ഷനേതാവായിരുന്ന നായനാരിൽ നിന്നു ലഭിച്ച കലവറയില്ലാത്ത സഹകരണവും ഈ സന്ദർഭത്തിൽ ചെയർ കൃതജ്ഞതാപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

സ്മരിക്കുന്നു. അന്ന് സഭാവേദിയിലുണ്ടായ പല സംഭവങ്ങളും അവയ്ക്കിടയിൽ അന്തരീക്ഷത്തിന്റെ പിരിമുറുക്കം കുറയ്ക്കാൻ അദ്ദേഹം നടത്തിയിട്ടുള്ള നർമ്മംകലർന്ന പല പരാമർശങ്ങളും ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിലെത്തുകയാണ്.

ഇ. കെ. നായനാർ ആധുനിക കേരളത്തിലെ ജനപ്രിയനേതാക്കളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന് അന്തിമോപചാരമർപ്പിക്കാൻ ഇടമുറിയാതെ പെയ്യുന്ന പെരുമഴ വകവയ്ക്കാതെ കേരളത്തിലങ്ങോളമിങ്ങോളം കാത്തുനിന്ന ജനസഞ്ചയം അതിനു സാക്ഷ്യം വഹിക്കുന്നു. അനിതരസാധാരണവും അനുകരണീയവുമായ ആ വ്യക്തിത്വം നിർവ്വചനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വഴങ്ങാതെ ഏറെക്കാലം നമ്മുടെ ഓർമ്മകളിലുണ്ടായിരിക്കും. ഈ വിയോഗം നമ്മുടെ രാഷ്ട്രീയരംഗത്ത് വലിയൊരു ശൂന്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. സന്തപ്ത കുടുംബാംഗങ്ങളുടേയും ആയിരക്കണക്കിന് സാധാരണ ജനങ്ങളുടേയും ദു:ഖത്തിൽ ഈ സഭയും പങ്കുചേരുന്നു.

തിരു-കൊച്ചി നിയമസഭാ സ്പീക്കറും കേന്ദ്രമന്ത്രിയുമായിരുന്ന എ. എം. തോമസ്സ് സ്വാതന്ത്ര്യാനന്തര ഭാരതത്തിന് കേരളം സംഭാവന ചെയ്ത പ്രമുഖ നേതാക്കളിൽ ഒരാളായിരുന്നു. സുദീർഘവും പ്രവർത്തനനിരതവുമായ പൊതുജീവിതത്തിനിടയിൽ, കൈവച്ച മേഖലകളിലെല്ലാം വിജയം വരിച്ച ഒരു വിശിഷ്ടവ്യക്തിയായിരുന്നു അദ്ദേഹം.

1912 ജൂൺ 4-ന് എറണാകുളം ജില്ലയിലെ ഒരു സാധാരണ കർഷക കുടുംബത്തിലാണ് ആലുങ്കൽ മത്തായി തോമസ്സ് എന്ന എ. എം. തോമസ്സ് ജനിച്ചത്. തൃശൂർ സെന്റ് തോമസ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തിരുവനന്തപുരം ലാ കോളേജ് എന്നിവിടങ്ങളിൽ പ്രശസ്തമായ നിലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം അഭിഭാഷകവൃത്തിയിലേർപ്പെട്ടു. ദേവസ്വം കുടിയാന്മാരുടെ ഒരു സംഘടന രൂപീകരിക്കുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം പൊതുപ്രവർത്തനത്തിലേയ്ക്ക് പ്രവേശിച്ചത്. 1948-ൽ കണയന്നൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി കൊച്ചി നിയമസഭയിലേയ്ക്ക് കടന്നുവന്ന തോമസ്സ് തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷവും അതേ മണ്ഡലത്തിൽനിന്ന് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1951-52 കാലയളവിൽ അദ്ദേഹം തിരു-കൊച്ചി നിയമസഭാ സ്പീക്കറായി പ്രവർത്തിച്ചു. അന്ന് സ്പീക്കർ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. ലോക്സഭയിലേയ്ക്ക് നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പിൽ തോമസ്സ് എറണാകുളം നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ലോക്സഭയിലും അതേ മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്ന അദ്ദേഹത്തിന് നെഹ്റു മന്ത്രിസഭയിൽ അംഗമാകാൻ അവസരം ലഭിച്ചു. ഭക്ഷ്യ, കൃഷി വകുപ്പുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി മന്ത്രിയായിരുന്നു അദ്ദേഹം. അങ്ങനെ തോമസ്സ്, കേരളത്തിൽനിന്ന് തെരഞ്ഞെടുപ്പിൽ വിജയിച്ച് കേന്ദ്ര മന്ത്രിയാകുന്ന ആദ്യത്തെ വ്യക്തി എന്ന ഖ്യാതിക്ക് അർഹനായി.

ലാൽബഹദൂർശാസ്ത്രി മന്ത്രിസഭയിലും അദ്ദേഹം അതേ പദവിയിൽ തുടർന്നു. പിന്നീട് ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ പ്രതിരോധ ഉല്പാദന വകുപ്പിന്റെ ചുമതലയാണ് അദ്ദേഹത്തിന് നൽകിയത്. ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി എന്നീ പ്രഗത്ഭരായ പ്രധാനമന്ത്രിമാരോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ കഴിവിനും ഭരണതന്ത്രജ്ഞതയ്ക്കും ലഭിച്ച അംഗീകാരമായി കണക്കാക്കാം. പിന്നീട് അദ്ദേഹം ആസ്ട്രേലിയയിലും സാമ്പിയയിലും ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനപതിയായും, രണ്ടു തവണ ഖാദി കമ്മീഷൻ ചെയർമാനായും പ്രവർത്തിച്ചു. ഖാദി പ്രചരണം തന്റെ പ്രിയപ്പെട്ട കർമ്മമണ്ഡലമാണെന്ന് അഭിമാനത്തോടെ അദ്ദേഹം അവകാശപ്പെട്ടിരുന്നു. സൗമ്യശീലവും ലാളിത്യവും ഒത്തിണങ്ങിയ ഒരു വ്യക്തിയായിരുന്നു തോമസ്സ്. ആദർശശുദ്ധിയും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ ഏത് ഉയരങ്ങളും കീഴടക്കാൻ ആകുമെന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിക്കുകയും ചെയ്തു.

എ. എം. തോമസ്സിന്റെ നിര്യാണത്തോടെ ആത്മാർത്ഥമായ രാഷ്ട്ര സേവനത്തിനും ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾക്കും പ്രഥമ പരിഗണന നൽകിയിരുന്ന നെഹ്റുയുഗത്തിലെ ചൈതന്യധന്യമായ ഒരു ജീവിതത്തിന് തിരശ്ശീല വീണിരിക്കുകയാണ്. പ്രഗത്ഭനായ ആ മുൻഗാമിയുടെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, അന്തരിച്ച ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇ. കെ. നായനാരെക്കുറിച്ചും ബഹുമാന്യനായ എ. എം. തോമസിനെക്കുറിച്ചും അങ്ങ് നടത്തിയ പരാമർശങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ ഏറ്റവും ദീർഘകാലം മുഖ്യമന്ത്രിയായി സേവനം അനുഷ്ഠിച്ചതും സഖാവ് നായനാരാണ്. പക്ഷേ അദ്ദേഹത്തെ കേരള ജനത ബഹുമാനിക്കുന്നതും ഇഷ്ടപ്പെടുന്നതും നാളെ ഓർക്കാൻ പോകുന്നതും ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന നേതാവ് എന്ന നിലയിലല്ല. അത് ഒരു യാഥാർത്ഥ്യമാണെങ്കിലും കേരളം കണ്ട ഏറ്റവും വലിയ ജനകീയ നേതാക്കളിൽ പ്രമുഖനാണ് അദ്ദേഹം. ആ നിലയിലായിരിക്കും അദ്ദേഹത്തിന് ചരിത്രത്തിൽ സ്ഥാനം ഉണ്ടാകുക എന്നാണ് എന്റെ വിശ്വാസം. രാഷ്ട്രിയ രംഗത്ത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പ്രവർത്തിക്കുന്നവർ എത്ര വലിയ ഹൃദയമുള്ളവരാണെങ്കിലും എത്ര ത്യാഗസന്നദ്ധരാണെങ്കിലും ആക്രമിക്കപ്പെടാനും വിമർശിക്കപ്പെടാനും പീഡിപ്പിക്കപ്പെടാനും വിധിക്കപ്പെട്ടവരാണ്. അതിൽനിന്ന് ആരും മോചിതരല്ല. ഭരണാധികാരത്തിൽ ഉണ്ടായിരുന്ന മഹാനായ ജവഹർലാൽ നെഹ്റു പോലും വിമർശിക്കപ്പെട്ടിട്ടുണ്ട്. അധികാരം കയ്യാളുന്നവർക്ക് അപ്രതീക്ഷിത കോണുകളിൽ നിന്നുപോലും പലപ്പോഴും ക്രൂരമായ വിമർശനം ഏൽക്കേണ്ടിവരും. പക്ഷേ അതെല്ലാം താൽക്കാലികമായ പ്രതിഭാസങ്ങളാണ്. സഖാവായ നായനാർ കോൺഗ്രസ്സിലൂടെ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ എത്തിച്ചേർന്ന ദേശീയ പ്രസ്ഥാനത്തിന്റെ സന്തതിയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ രാഷ്ട്രീയരംഗത്ത് വന്ന നേതാക്കൻമാർക്കെല്ലാംതന്നെ ഉണ്ടായിരുന്ന പൊതുവായ ഗുണങ്ങൾ അദ്ദേഹത്തിനും ഉണ്ടായിരുന്നു. ജീവിതത്തിലുടനീളം അധികാരസ്ഥാനങ്ങളിൽ ഇരുന്നപ്പോഴും ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ ആർജ്ജിച്ച ഗുണവിശേഷങ്ങൾ അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. ലാളിത്യവും സത്യസന്ധതയും നിർഭയവും അദ്ദേഹം അവസാനകാലം വരെ നിലനിർത്തിയിരുന്നു. ആ കാലഘട്ടത്തിലൂടെ കടന്നു വന്നതിനെത്തുടർന്ന് ഈ ഗുണങ്ങളൊന്നും അദ്ദേഹത്തിന് നഷ്ടപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹം പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴായാലും ഭരണരംഗത്ത് പ്രവർത്തിക്കുമ്പോഴായാലും. മനസ്സിൽ തോന്നുന്നത് വെട്ടിത്തുറന്ന് പറയുന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. മനസ്സിൽ തോന്നുന്ന അപ്രിയസത്യങ്ങൾ തുറന്നു പറഞ്ഞാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരുപാട് പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ചിലപ്പോൾ പിടിച്ചുനിൽക്കാൻ തന്നെ പ്രയാസം വരും. പക്ഷേ ഭാഗ്യവശാൽ നിരന്തരമായ അപ്രിയ സത്യങ്ങൾ തുറന്നുപറഞ്ഞുകൊണ്ടിരുന്നിട്ടും പരിക്കു പറ്റാതെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് പിടിച്ചു നിൽക്കാൻ സാധിച്ചു. ആ കാര്യത്തിൽ അദ്ദേഹം ഭാഗ്യവാനാണ്. അത് ഒരു അപൂർവ്വ ഭാഗ്യം തന്നെയാണ്. ഞാൻ അദ്ദേഹവുമായി പരിചയപ്പെടുന്നത് ഒരുമിച്ച് ഒരു മുന്നണിയിൽ പ്രവർത്തിക്കാൻ ഒരു സാഹചര്യം ഉണ്ടായപ്പോഴാണ്. കാര്യങ്ങൾ നേർബുദ്ധിയോടുകൂടി പറയുന്ന രീതി എനിക്ക് വളരെ ഇഷ്ടമായി തോന്നി. പക്ഷെ ഞങ്ങൾ തമ്മിലുള്ള രാഷ്ട്രീയമായ യോജിപ്പ് അധികനാൾ നീണ്ടുനിന്നില്ല. വഴി പിരിയേണ്ടിവന്നു. അതിനുശേഷമുള്ള കുറേ നാളുകൾ പിണക്കത്തിന്റേയും വിമർശനത്തിന്റേയും നാളുകളായിരുന്നു. പക്ഷേ അതെല്ലാം താൽക്കാലിക പ്രതിഭാസമായിരുന്നു. അവസാന നാളുകളിൽ കേരളത്തിലെ ഏറ്റവും കൂടുതൽ അടുപ്പം ഉണ്ടായ സഹപ്രവർത്തകരെ പോലെയാണ് ഞങ്ങൾ പ്രവർത്തിച്ചത്. ഞങ്ങളുടെ അകൽച്ചയും വിദ്വേഷവും മഞ്ഞുപോലെ ഉരുകിയത് ഞങ്ങൾ അടുത്തു താമസിക്കാൻ തുടങ്ങിയതിനുശേഷമാണ്. ഞാൻ പ്രതിപക്ഷനേതാവായും അദ്ദേഹം പാർട്ടി സെക്രട്ടറിയായും ഈശ്വരവിലാസം റോഡിൽ തൊട്ടടുത്ത് വീടുകളിൽ താമസിച്ചിരുന്നപ്പോൾ നേരത്തേ ഉണ്ടായിരുന്ന അകൽച്ച മാറി. പരസ്പരം അടുത്തു മനസ്സിലാക്കാൻ സാധിച്ചു. ആ കാലഘട്ടത്തിൽ ഞങ്ങളുടെ കുടുംബങ്ങൾ പോലും വളരെ അടുത്തിരുന്നു. അവസാനത്തെ ഒരു വർഷക്കാലം ഒരുപാട് കാര്യങ്ങൾ ഞങ്ങൾ കൈമാറിയിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് പാർട്ടി ബന്ധങ്ങൾക്ക് അതീതമായി. ജനങ്ങളെ കണ്ടുകൊണ്ടിരുന്നു. കഷ്ടപ്പെടുന്ന സാധാരണജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസം എത്തിക്കാനും കർഷകരുടേയും തൊഴിലാളികളുടേയും പ്രശ്നങ്ങൾ പരിഹരിക്കാനുമെല്ലാം അവസാന നാൾ വരെ അദ്ദേഹം തൽപ്പരനായിരുന്നു. പാർട്ടിക്കകത്തായാലും പാർട്ടിക്ക് പുറത്തായാലും തനിക്ക് ശരിയല്ല എന്ന് തോന്നുന്ന കാര്യങ്ങൾ തുറന്നു പറയാൻ അദ്ദേഹം മടിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഒരുപാട് സ്വഭാവഗുണങ്ങൾ പൊതുപ്രവർത്തകർക്ക് ഈ കാലഘട്ടത്തിൽ മാതൃകയാക്കാവുന്നതാണ്. കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. ജനഹൃദയങ്ങളിൽ അദ്ദേഹത്തിന് പ്രത്യേകമായ സ്ഥാനം ഉണ്ടായിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് മരണാനന്തരം കേരള ജനത കക്ഷിഭേദമന്യേ, ജാതിഭേദമന്യേ, പ്രായവ്യത്യാസം കൂടാതെ നൽകിയ യാത്ര അയപ്പ്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ, പയ്യാമ്പുറം കടപ്പുറം വരെ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ പ്രതികൂലമായ കാലാവസ്ഥ അവഗണിച്ചു കൊണ്ട് തടിച്ചുകൂടിയ ജനലക്ഷങ്ങളാണ് കേരളത്തിന്റെ ജനഹൃദയങ്ങളിൽ സമീപ കാലഘട്ടത്തിൽ മറ്റാർക്കും ലഭിക്കാത്ത അംഗീകാരം അദ്ദേഹത്തിന് ഉണ്ടെന്ന് പരസ്യമായി പ്രഖ്യാപിച്ചത്. കേരളത്തിലെ മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹം ഈ സംസ്ഥാനത്തെ മുന്നോട്ടു നയിക്കുവാൻ, ഈ സംസ്ഥാനത്തിന്റെ വികസനം വേഗത്തിൽ ആക്കുവാൻ, അടിസ്ഥാന വർഗ്ഗങ്ങൾക്ക് കൂടുതൽ ആശ്വാസമെത്തിക്കുവാൻ വളരെയധികം നടപടികൾ സ്വീകരിച്ചു. എല്ലാ സ്വപ്നങ്ങളും നിറവേറ്റാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിന്റെ മൂന്നു പ്രാവശ്യത്തെ മുഖ്യമന്ത്രിസ്ഥാനം കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വിലപ്പെട്ട ഒരുപാട് സംഭാവനകൾ നൽകി എന്നാണ് എന്റെ വിശ്വാസം.

അന്തരിച്ച എ. എം. തോമസ് എനിക്ക് വിദ്യാർത്ഥിയായിരുന്ന കാലം മുതൽ പരിചയമുള്ള ആളാണ്. ഞാൻ മഹാരാജാസ് കോളേജിൽ വിദ്യാർത്ഥിയായി ചേർന്ന കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ പാർലമെന്റ് ഇലക്ഷൻ നടന്നത്. ഞാൻ ഏറ്റവും കൂടുതൽ പ്രസംഗിച്ചിട്ടുള്ള ഒരു കാലഘട്ടമാണ്. ഞാൻ ഒരു പ്രാസംഗികനൊന്നുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാലും മീറ്റിംഗുകളിൽ വലിയ നേതാക്കൻമാർ പ്രസംഗിച്ചു കഴിഞ്ഞാൽ അവരുടെ അടുത്ത ഊഴത്തിനിടയ്ക്ക് പ്രസംഗിക്കാനുള്ള വിദ്യാർത്ഥി നേതാക്കൻമാരുടെ പട്ടികയിൽ, അന്ന് പനമ്പിള്ളി ഗോവിന്ദമേനോനും ശ്രീ. എ. എം. തോമസിനും വേണ്ടിയാണ് ഞാൻ പ്രസംഗിച്ചിട്ടുള്ളത്. നേരത്തേ പറഞ്ഞതുപോലെ വളരെ സാധാരണ ഒരു കർഷക കുടുംബത്തിൽ ജനിച്ച് കേന്ദ്രമന്ത്രി, അംബാസിഡർ, ഖാദി കമ്മീഷൻ ചെയർമാൻ അങ്ങനെ ഉന്നതമായ ഒരുപാട് സ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചു. പക്ഷേ ഒരിക്കൽ പോലും അദ്ദേഹത്തിന് തലക്കനം കണ്ടിട്ടില്ല. എതിരാളിയെപ്പോലും തന്നിലേയ്ക്ക് അടുപ്പിക്കാൻ കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സൗമ്യതയും ലാളിത്യവും എതിർക്കുന്നവരെപോലും തന്നിലേയ്ക്ക് ആകർഷിക്കാനുള്ള കഴിവ് ഇതെല്ലാം ഒരു പ്രത്യേകത തന്നെയായിരുന്നു. അധികാരമെല്ലാം വിട്ടൊഴിഞ്ഞ് അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടം ഞാൻ ഓർമ്മിക്കുന്നു. എറണാകുളത്ത് നടക്കുന്ന എല്ലാ പൊതുപരിപാടിയിലും സാധാരണക്കാരനെപ്പോലെ, ഒരു ശ്രോതാവിനെപ്പോലെ അദ്ദേഹം മുൻനിരയിൽ സ്ഥാനം പിടിച്ചിരുന്നു. ഉന്നതമായ പദവികളിലായാൽ ആ നടപ്പ് പലർക്കും പ്രയാസമാണ്. പക്ഷേ അദ്ദേഹം സാധാരണക്കാരിൽ സാധാരണക്കാരൻ ആകുന്നതുപോലെയാണ്. ആരോഗ്യം നഷ്ടപ്പെട്ട് കിടപ്പിലാകുന്നതുവരെ എറണാകുളത്തും പരിസരത്തുമുള്ള എല്ലാ പ്രവർത്തനങ്ങളിലും നിരവധി കർമ്മ മേഖലകളിലും സേവന പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. സത്യത്തിൽ പൊതു പ്രവർത്തകർക്ക് അദ്ദേഹം ഒരു മാതൃക തന്നെയാണ്. ബഹുമാന്യനായ നായനാരുടേയും ബഹുമാന്യനായ എ. എം. തോമസ്സിന്റേയും നിര്യാണത്തിൽ അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുന്നു. അവരുടെ പാവനസ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സഭയുടെ പൊതു വികാരത്തോട് ഞാൻ യോജിക്കുകയാണ്. അവരുടെ നിര്യാണത്തിൽ ഞാൻ ഒരിക്കൽകൂടി അനുശോചനം രേഖപ്പെടുത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സഖാവ് ഇ. കെ. നായനാരെ സംബന്ധിച്ചും മുൻ സ്പീക്കറും കേന്ദ്ര മന്ത്രിയുമായിരുന്ന എ. എം. തോമസ്സിനെ സംബന്ധിച്ചും അങ്ങ് വളരെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. അതുപോലെതന്നെ മുഖ്യമന്ത്രിയും അതു സംബന്ധിച്ച് വളരെ വിശദമായി പരാമർശങ്ങൾ നടത്തുകയുണ്ടായി. ഈ രണ്ടു പരാമർശങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. നന്നേ ചെറുപ്പത്തിൽതന്നെ ദേശീയ പ്രസ്ഥാനത്തിലേക്ക് സഖാവ് നായനാർ ആകർഷിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ നാരായണൻ നമ്പ്യാരും, ഏറ്റവും അടുത്ത ബന്ധുവായ കെ. പി. ആർ. ഗോപാലനും സ്വാതന്ത്ര്യ സമര സേനാനികൾ ആയിരുന്നു എന്ന കാരണത്താൽ ബ്രിട്ടീഷ് ദേശീയത്വത്തിന് എതിരായി സ്വാതന്ത്ര്യ സമരത്തിനുവേണ്ടി പോരാടിയവരാണെന്ന വസ്തുത മനസ്സിലാക്കി സഖാവ് നായനാർ അവരുടെ പാതകൾ സ്വീകരിച്ചുകൊണ്ട് വളരെ ചെറുപ്പം മുതലേതന്നെ അദ്ദേഹം ദേശീയ പ്രസ്ഥാനത്തിന്റെ സാരഥിയാകാനുള്ള പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്. ബാലസംഘവും, വിദ്യാർത്ഥി സംഘവും എല്ലാംതന്നെ അദ്ദേഹത്തിന് വളരെയേറെ ആവേശം പകർന്നിരുന്നു. അതിനുശേഷം തൊഴിലാളി സംഘടനകളുടെ പണിമുടക്ക് സമരങ്ങളിലും, അതുപോലെതന്നെ കൃഷിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി ജൻമിത്വത്തിനെതിരായ പോരാട്ടത്തിൽ— കയ്യൂർ സമര സേനാനിയായിരുന്ന അദ്ദേഹം വളരെ ശക്തമായ പോരാട്ടം നടത്തുകയും ആ കേസിൽ പിടി കൊടുക്കാതെ ദീർഘകാലം ഒളിവിൽ കഴിയേണ്ടിവരികയും ചെയ്തു എന്നുള്ള കാര്യം സ്പീക്കറുടെ പരാമർശത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുപറയുകയുണ്ടായി. അങ്ങനെ ദീർഘകാലം രാഷ്ട്രീയ നേതാവെന്നുള്ളനിലയിൽ, സ്വാതന്ത്ര്യ സമരത്തിൽ അടിയുറച്ച് വിശ്വസിച്ച പ്രവർത്തകൻ എന്നുള്ള നിലയിൽ അദ്ദേഹം പ്രതിയാകുകയും പിടികൊടുക്കാതെ ഒളിവിൽ കഴിയുകയുണ്ടായി. പിന്നീട് സ്വാതന്ത്ര്യ സമരത്തിനുശേഷം ഇൻഡ്യയ്ക്ക് ലഭിച്ച സ്വാതന്ത്ര്യത്തിന് സാമാന്യ ജനങ്ങളോട് വേണ്ടത്ര സാമീപ്യം പുലർത്താൻ കഴിയാതെ വന്നതിനെ തുടർന്ന് അവരുടെ അവകാശങ്ങൾക്കും താൽപ്പര്യങ്ങൾക്കും വേണ്ടി നടിയ സ്വാതന്ത്ര്യ സമരകാലത്തു തന്നെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമാവുകയും തുടർന്നുള്ള കേസുകളിലും ഒളിവുജീവിതം തുടരാനും, പിന്നീട് കൽത്തുറുങ്കിൽ കഴിയാനും ഇടയാകത്തക്ക കഠിനമായ സാഹചര്യങ്ങൾ അന്ന് അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. ഓരോ സാഹചര്യത്തിലും അദ്ദേഹത്തിന്റെ ബഹുജന പ്രവർത്തനങ്ങൾ, അദ്ദേഹം വിശ്വസിച്ച പാർട്ടിയുടെ ആദർശത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ,-ഒളിവിൽ ആയാലും ജയിലിൽ ആയാലും-തുടർന്നുകൊണ്ടിരുന്നു. ജയിൽ ജീവിതം അവസാനിച്ചു പുറത്തുവന്നതിനുശേഷം പിന്നീട് സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ അദ്ദേഹം ഒരു നല്ല സംഘാടകനാണ് എന്ന് തെളിയിച്ചു. ബഹുജനസംഘടനകളിലെന്നപോലെ ബഹുജന സമരങ്ങളിലും നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിഞ്ഞു. പാർട്ടിയുടെ വിവിധ തലങ്ങളിൽ ഉത്തരവാദപ്പെട്ട സ്ഥാനം ഏറ്റെടുത്തുകൊണ്ട് ജനങ്ങളുടെ അവകാശങ്ങൾക്കും താൽപ്പര്യങ്ങൾക്കും വേണ്ടിയുള്ള പ്രക്ഷോഭ സമരങ്ങൾക്കും നേതൃത്വം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണ് അദ്ദേഹം നടത്തിയ പ്രക്ഷോഭ സമരങ്ങളിൽ കൂടി ഒരു പ്രക്ഷോഭകാരിയും സമര നേതാവുമാണെന്നുള്ളതിനു പുറമെ കേരളത്തിൽ അധികാരം കിട്ടുന്ന സന്ദർഭത്തിൽ ആ അധികാരം ജന താൽപ്പര്യത്തിനുവേണ്ടി എങ്ങനെ വിനിയോഗിക്കാമെന്നതിനെ സംബന്ധിച്ചും തെളിയിക്കാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്തെ സാക്ഷരതാ പ്രവർത്തനങ്ങളിലും, അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിലുമെല്ലാം തന്നെ അദ്ദേഹത്തിന്റെ ആ പാടവം നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. അതുപോലെതന്നെ ഭരണാധികാരത്തിൽ വന്നതിനുശേഷം പ്രക്ഷോഭകാരിയെന്നുള്ള രീതിയിൽ ജനങ്ങളെ സമീപിക്കുകയും ജനങ്ങളുടെ കാര്യങ്ങൾ പറയുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്ന കാര്യത്തിൽ അദ്ദേഹം ഒരു പുതിയ സമീപനം തന്നെ സ്വീകരിച്ചത് ജനങ്ങളിൽ അദ്ദേഹത്തെപ്പറ്റി ഏറെ മതിപ്പും സ്നേഹവും ഉളവാക്കുന്ന തരത്തിലായിരുന്നു. ജീവിതാവസാനം വരെ അദ്ദേഹം അത് തുടർന്നുകൊണ്ടിരുന്നു. ഇങ്ങനെ പ്രക്ഷോഭകാരി, ഭരണനായകൻ, സംഘാടകൻ, ജനപ്രിയൻ, വാഗ്മി, എന്നുള്ള നിലയിലെല്ലാം കേരളത്തിന്റെ സാമൂഹ്യമാറ്റത്തിനും പുതിയ കേരള നിർമ്മിതിക്കും വേണ്ടിയുള്ള പ്രമുഖരായ നിരവധിയാളുകളുടെ പ്രവർത്തനങ്ങളുടെ ഘടനയിൽ അദ്ദേഹത്തിന്റെ സ്ഥാനം ഒട്ടും അപ്രധാനമല്ലാത്ത നിലയിൽ ഉള്ള പങ്ക് വഹിച്ചിട്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തിനും സംഘാടകർക്കും ജനങ്ങൾക്കും ഉള്ള ദു:ഖത്തിൽ ഞാനും പങ്ക് ചേരുന്നു.

എ. എം. തോമസ്, അദ്ദേഹം തിരു-കൊച്ചി അസംബ്ളിയുടെ സ്പീക്കറായി, പിന്നീട് പാർലമെന്റ് അംഗമായി, പിന്നീട് കേന്ദ്രമന്ത്രിയായി, വിവിധ നിലയിൽ നിസ്തുലമായ സേവനമാണ് കേരളത്തിന് നൽകിയിട്ടുള്ളത്. അദ്ദേഹം ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച് വിദ്യാഭ്യാസ ജീവിതത്തിനുശേഷം, പൊതുപ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് ഇറങ്ങി ഏറ്റവും മാതൃകാപരമായ സേവനം കാഴ്ചവച്ച ഒരു പ്രമുഖനായ വ്യക്തിയാണ്. ദേശസ്നേഹികളും, മഹാൻമാരുമായ ഈ രണ്ടു നേതാക്കൻമാരുടേയും നിര്യാണത്തിൽ ഈ സഭയ്ക്കുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുകയും ഇവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അഭിവന്ദ്യനായ നായനാരെക്കുറിച്ചും എ. എം. തോമസിനെക്കുറിച്ചും ബഹുമാന്യരായ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്. അഭിവന്ദ്യനായ നായനാരെക്കുറിച്ച് അങ്ങ് ധാരാളം പറഞ്ഞു, ദീർഘകാലമായി നായനാരോട് ഇണങ്ങിയും പിണങ്ങിയും അടുത്തുമൊക്കെ പ്രവർത്തിക്കാൻ അവസരം ലഭിച്ചു എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച പ്രതിപക്ഷ നേതാവ് പറഞ്ഞു, പക്ഷെ എത്ര പറഞ്ഞാലും ഒരുപക്ഷെ ഇതു നിയമസഭയ്ക്ക് വാക്കുകളിൽ ഒതുക്കാൻ കഴിയാത്തത്ര നിറപ്പകിട്ടാർന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇ. കെ. നായനാർ എന്നുള്ളതാണ് വസ്തുത. അദ്ദേഹം ഈ ലോകം വിട്ടു പിരിഞ്ഞപ്പോൾ ഒരുപക്ഷെ അവസാനിച്ചത് ഒരു വലിയ അദ്ധ്യായമാണ്. ഒരു വ്യക്തിയല്ല പോയത്. അദ്ദേഹത്തിന്റെ മരണശേഷം, അതിനോട് ജനങ്ങൾ പ്രതികരിച്ച രീതിയിൽ നിന്നു മാത്രം അത് മനസ്സിലാക്കാവുന്നതാണ്. പതിറ്റാണ്ടുകളായി കേരളം പോയിക്കൊണ്ടിരുന്ന ഒരു ദിശയുടെ നായകന്റെ അന്ത്യം ആയിരുന്നു അതെന്നുള്ളത് അക്ഷരാർത്ഥത്തിൽ അദ്ദേഹത്തിന് ജനങ്ങൾ അർപ്പിച്ച ആദരാഞ്ജലികൾ കണ്ടുകഴിഞ്ഞാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ നിയമസഭയിൽ നിറഞ്ഞുനിന്നിരുന്ന, ഈ നിയമസഭയുടെ നിറഞ്ഞ സാന്നിദ്ധ്യമായ അഭിവന്ദ്യനായ ഇ. കെ. നായനാർക്കുവേണ്ടി ഇത്രവേഗം ഈ നിയമസഭയ്ക്ക് ഇങ്ങനെയൊരു അനുസ്മരണ ചടങ്ങ് നടത്തേണ്ടിവരുമെന്ന് നമ്മളാരും കരുതിയിരുന്നില്ല. പ്രായം അദ്ദേഹത്തിന് ഒരിക്കലും ഒരു വിഷമമായിരുന്നില്ല. അദ്ദേഹം അവസാനദിവസം വരെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്നിരുന്നുവെന്നുള്ളതാണ് വസ്തുത. ഇവിടെയിരിക്കുന്ന ഓരോ ആളുകൾക്കും അവരവരുടെ അഭിപ്രായങ്ങളും അടുപ്പവും അതുപോലെതന്നെ ഓർമകളും കാര്യങ്ങളും മനസ്സിൽ സൂക്ഷിക്കാൻ കാണും. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ തന്ത്രമോ, പ്ലാനിംഗുകളോ, കണക്കുകൂട്ടിയുള്ള പ്രവർത്തനങ്ങളോ ഒന്നും അദ്ദേഹത്തെ സംബന്ധിച്ചില്ല. നിഷ്കളങ്കതയാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. അപ്പോൾ തോന്നിയത് അദ്ദേഹം പറയും അപ്പോൾ തോന്നിയത് പ്രവർത്തിക്കുകയും ചെയ്യും, പക്ഷെ സദുദ്ദേശത്തോടുകൂടിയായിരുന്നു ചെയ്തിരുന്നത് എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, അദ്ദേഹത്തിന് വാക്കുകൾകൊണ്ട് അപകടം വരാറില്ല എന്ന്. അതിന്റെ കാരണം അത് സദുദ്ദേശത്തോടുകൂടിയാണ് പറഞ്ഞിരിക്കുന്നതെന്ന് കേൾക്കുന്നവർക്ക് ബോദ്ധ്യമാകും. അത്തരത്തിൽ വളർത്തിയെടുത്ത ഒരു മഹാവ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹമെന്നുള്ളത് ഒരു വസ്തുതയാണ്. അടുത്തകാലത്തൊന്നും ഒരുമിച്ച് രാഷ്ട്രീയമായ മുന്നണിയിലൊന്നും പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു പശ്ചാത്തലവും അദ്ദേഹവുമായിട്ടില്ലായിരുന്നു. എങ്കിൽ പോലും വ്യക്തിപരമായ വ്യക്തിബന്ധം വച്ച് നോക്കുമ്പോൾ ഏറ്റവും അടുപ്പമുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു നേതാവിനെപ്പോലെയാണ് ഇപ്പോഴും അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ ഓർമ്മ. കണ്ണൂരിലുള്ള അദ്ദേഹത്തിന്റെ കല്ല്യാശേരി വീട്ടിലായാലും മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഔദ്യോഗിക വസതിയിലും ഇവിടെ അദ്ദേഹം താമസിച്ചിരുന്ന ഫ്ളാറ്റിലാണെങ്കിൽപോലും വെറുതേ അദ്ദേഹത്തോടൊപ്പം ചെന്നിരുന്ന് സംസാരിക്കാൻ തോന്നും. അദ്ദേഹം ഹോസ്പിറ്റലിലാകുന്നതിന് മുമ്പ്, വിഷു ദിവസം രാവിലെ വളരെ നേരം ഞാൻ അദ്ദേഹത്തോടൊപ്പം ചെന്നിരുന്നത് ഓർക്കുകയാണ്. അത്തരത്തിൽ നിറഞ്ഞു നിൽക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. പതിറ്റാണ്ടുകളായുള്ള ഒരു രാഷ്ട്രീയ ചരിത്രമാണ് അദ്ദേഹത്തോടുകൂടി കേരളത്തിൽ ഇല്ലാതായത്. അദ്ദേഹം മുഖ്യമന്ത്രിയായി ഏറ്റവും കൂടുതൽ കാലം ഭരണത്തിലിരുന്നു എന്നുള്ളതല്ല, അദ്ദേഹം ഒരു പ്രസ്ഥാനം വളർത്തിക്കൊണ്ടുവരികയും തന്റെ ജീവിതകാലത്തുതന്നെ അതിന്റെ ഫലത്തിൽ കുറേയൊക്കെ കാണുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അഭ്യസ്ത വിദ്യരായ ആളുകളുണ്ടായതും, പുരോഗമന ചിന്താഗതിക്കാരായ ആളുകളുണ്ടായതും വ്യത്യസ്തമായ ഇതുപോലെയൊരു വ്യക്തിത്വം നേടിയെടുക്കുകയും ചെയ്തത് രാഷ്ട്രീയ പാർട്ടിയിലൂടെയുള്ള പ്രവർത്തനം കൊണ്ടാണ്. ആ കൂട്ടത്തിൽ കുറേ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞു എന്നതും എല്ലാപേരും സമ്മതിക്കുന്ന കാര്യമാണ്. ചൂഷണവും അതുപോലെ മറ്റ് അനാചാരങ്ങളും നിലനിന്നിരുന്ന ഒരു സൊസൈറ്റിയെ മാറ്റിയെടുക്കാൻ വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും കുറേയൊക്കെ പൂർണ്ണതയിലെത്തിക്കാൻ സാധിക്കുകയും ചെയ്തു എന്നതിലൂടെ സംതൃപ്തിയോടെ വിട പറഞ്ഞ് പോകുകയും ചെയ്തു നായനാർ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ആയിരങ്ങൾ വേദനിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ അദ്ദേഹത്തോടുകൂടി പ്രവർത്തിച്ച നമുക്കും ദുഃഖമുണ്ട്. ആ ദുഃഖം ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്.

എ. എം. തോമസിനെ സംബന്ധിച്ചിടത്തോളം എനിക്ക് നേരിട്ട് യാതൊരു പരിചയവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അദ്ദേഹം മറ്റൊരു കാലഘട്ടത്തിൽ പ്രവർത്തിച്ച ഒരു രാഷ്ട്രീയ നേതാവായിരുന്നു. പക്ഷേ, അടുത്ത കാലത്തൊക്കെ അദ്ദേഹത്തെ കാണാൻ ഇടയായിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. ഏതായാലും ഇവിടെ പറയപ്പെട്ടതുപോലെ ഒരു കാലഘട്ടത്തിൽ കേരളത്തെ ആദ്യമായി കേന്ദ്രത്തിൽ പ്രതിനിധീകരിക്കുകയും കേരളത്തിന്റെ വ്യക്തിത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് മഹാൻമാരായ പ്രധാനമന്ത്രിമാരുടെയൊക്കെ കൂടെ പ്രവർത്തിക്കുകയും ചെയ്ത ഉന്നതനായ പഴയകാല നേതാവാണെന്ന് നമുക്കൊക്കെ അഭിപ്രായമുണ്ട്. ഓരോ കേരളീയന്റേയും അഭിമാനം ഒരു പ്രത്യേക കാലഘട്ടത്തിൽ ഉയർത്തിപ്പിടിച്ച എ.എം. തോമസിനെ ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്.

മഹാന്മാരായ ഈ രണ്ടു നേതാക്കൻമാരുടേയും മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ജനങ്ങളെ ഏറെ സ്നേഹിച്ച, ജനങ്ങളുടെ ആദരവ് പിടിച്ചുപറ്റിയ മഹാനായ ഒരു നേതാവായ സഖാവ് ഇ.കെ. നായനാരുടേയും, കേരളത്തിലെ അറിയപ്പെടുന്ന രാഷ്ട്രീയ നേതാവും ഭരണാധികാരിയുമായിരുന്ന എ.എം. തോമസിന്റേയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. അവരുടെ പാവനസ്മരണയ്ക്കുമുമ്പിൽ ബഹുമാനപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വളരെ ചെറിയ പ്രായത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ അവസരം കിട്ടിയ സഖാവ് നായനാരുടെ പൊതു പ്രവർത്തനം ഒരു തുറന്ന പുസ്തകം പോലെയാണ്. എല്ലാ സന്ദർഭങ്ങളിലും ജനങ്ങളുമായി ഏറെ അടുത്തും അവരുമായി ഇഴുകിച്ചേർന്നും പ്രവർത്തിച്ചുകിട്ടിയ അനുഭവ സമ്പത്തിലൂടെ വളർന്ന് കേരളത്തിലെ ഏതാനും ഉന്നതമായ സ്ഥാനങ്ങളിൽ, പാർട്ടിയിലായാലും അതുപോലെ ഭരണത്തിലായാലും, എല്ലാ മേഖലകളിലും ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു. ആ സ്ഥാനങ്ങളൊക്കെത്തന്നെ ജനങ്ങൾക്കുവേണ്ടിയും നാടിനു വേണ്ടിയും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു എന്നതുകൊണ്ടാണ് ഇത്രമാത്രം ബഹുമാനവും സ്നേഹവും ജനങ്ങളിൽനിന്നും അദ്ദേഹത്തിന് കിട്ടിയത്. കാർഷികമേഖലയിൽ ജന്മിത്വത്തിനും അതുപോലെ സാമൂഹ്യമായി നിലനിൽക്കുന്ന അനാചാരത്തിനും അയിത്തത്തിനും എതിരായി പ്രവർത്തിച്ചു വന്ന ഒരു പാരമ്പര്യമാണ് ഇവർക്കൊക്കെയുള്ളത്. അതിലൂടെ കിട്ടിയ അനുഭവ സമ്പത്ത്, കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി ഒളിവുജീവിതം നയിക്കുന്ന കാലത്തായാലും പിന്നീട് പാർട്ടിയുടെ നിയമവിധേയമായി പ്രവർത്തിച്ച സന്ദർഭത്തിലായാലും ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനമായിരുന്നു. പോലീസിന്റെ ഭീകരമായ മർദ്ദനങ്ങൾ നടന്ന കാലഘട്ടത്തിൽ, ജന്മികളുടെ ഗുണ്ടകൾ ചേർന്ന് സഖാക്കളെ ആക്രമിക്കുന്ന കാലഘട്ടത്തിൽ അതിനെയൊക്കെ ചെറുക്കാൻ നല്ല ആർജ്ജവത്തോടുകൂടി ജനങ്ങളെ നയിച്ചുകൊണ്ട് പോകാൻ കഴിഞ്ഞതോടുകൂടി അദ്ദേഹവും, പ്രസ്ഥാനവും വളർന്നുവന്നു. സഖാവ് നായനാർ വഹിച്ചിരുന്ന സ്ഥാനങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. വളരെ ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേരാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇത്രയും നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ കഴിഞ്ഞതിൽ എറ്റവും നല്ല ബഹുജന ബന്ധമായിരുന്നു അദ്ദേഹത്തിന്. എല്ലാ നിലയിലും ജനങ്ങളെ ആകർഷിക്കാൻ അദ്ദേഹത്തിന്റേതായ രീതിയിലുള്ള നർമ്മം കലർന്ന ഒരു ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു. അതെല്ലാം കേൾക്കാനും ആസ്വദിക്കാനും മലയാളികൾ എപ്പോഴും തൽപ്പരമായിരുന്നു. കേരളത്തിൽ മാത്രമല്ല മലയാളികളുള്ള എല്ലായിടത്തും ആ സാന്നിദ്ധ്യം ഏറ്റവും സന്തോഷവും ആഹ്ലാദകരവുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന സന്ദർഭത്തിൽ, അസുഖമായ സമയത്ത്, തെരഞ്ഞെടുപ്പ് സന്ദർഭത്തിൽ സഖാവ് നായനാർ പ്രസംഗിക്കാൻ വരണം എന്നായിരുന്നു ജനങ്ങളുടെ ആഗ്രഹം. അതിനു കഴിഞ്ഞില്ല. തിരുവനന്തപുരത്ത് ഒരു റാലിയിൽ മാത്രമാണ് അദ്ദേഹത്തിന് പങ്കെടുക്കാൻ കഴിഞ്ഞത്. അങ്ങനെയുള്ള ഒരുപാട് അനുഭവസമ്പത്ത് നമുക്ക് എല്ലാപേർക്കും പറയാനുണ്ട്. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ചെറിയ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാം. കഴിഞ്ഞ നിയമസഭയിൽ സഖാവ് നായനാർ മുഖ്യമന്ത്രിയായി ഉള്ളപ്പോഴാണ് ഞങ്ങളൊക്കെ ആദ്യമായി സഭയിൽ എത്തിയത്. പുതിയ സഭാംഗങ്ങൾക്ക് ഏറ്റവും സ്നേഹത്തോടും താൽപര്യത്തോടുംകൂടി പല കാര്യങ്ങളും പറഞ്ഞുതരാനും, ഉപദേശിക്കാനും. ശാസിക്കാനുമൊക്കെ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരുപാട് സഹായങ്ങളും സ്നേഹവും ഞങ്ങൾക്കെല്ലാം കിട്ടിയിരുന്നു. അടുത്ത കാലത്ത് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ഉൾപ്പെടെ ഞങ്ങളെല്ലാം സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരം കിടന്നപ്പോൾ സഖാവ് നായനാർ ഞങ്ങളെ വന്നു കാണുകയുണ്ടായി. പഴയകാല കഥകളും അനുഭവങ്ങളുമൊക്കെ പറഞ്ഞ് ഞങ്ങളെയൊക്കെ ആശ്വസിപ്പിക്കാൻ കാണിച്ച സ്നേഹവും സന്തോഷവും ഒരിക്കലും മറക്കാൻ കഴിയില്ല. രണ്ടു വർഷം മുമ്പ് ചെറുപ്പക്കാരായ ചെത്തുതൊഴിലാളികൾ ഭീകരമായ മർദ്ദനമേറ്റ് ജയിൽവാസം കഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുവന്നപ്പോൾ, അന്തിക്കാട്ട് തൊഴിലാളികൾക്ക് രണ്ട് മാസക്കാലം ക്യാമ്പ് നടത്തി. ശ്രീ. വി. എസ്. അച്ചുതാനന്ദനൊക്കെ വന്നിരുന്നു, സഖാവ് നായനാരും അവിടെ എത്തി. എത്ര സമയമാണ് അവിടെ ചെലവഴിച്ചത്. അവരെയൊക്കെ സാന്ത്വനിപ്പിക്കുകയും, സ്നേഹത്തോടുകൂടി സംസാരിക്കുകയും ചെയ്തത്..... അതൊന്നും ഒരിക്കലും മറക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത്രയും ഉന്നതനായ, തൊഴിലാളി വർഗ്ഗത്തിന്റെ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏറ്റവും ഉയർന്ന സ്ഥാനം വഹിച്ച ഈ മഹാൻ, നേതാക്കൻമാരേക്കാൾ മുമ്പേ നടന്നുപോയ സഖാക്കൻമാരിൽ, നായനാരെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. സഖാവ് നായനാരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികളും സ്നേഹവും ബഹുമാനവും അർപ്പിക്കുന്നു.

എ. എം. തോമസിനെക്കുറിച്ച് വായിച്ചും കേട്ടുമുള്ള അറിവേ എനിക്കുള്ളൂ. അദ്ദേഹം ചെറിയ പ്രായത്തിൽത്തന്നെ കോൺഗ്രസ് പാർട്ടിയുടെ പ്രവർത്തകനായി, പ്രജാമണ്ഡലം കോൺഗ്രസിലൊക്കെയായി വളർന്നുവന്ന് പാർലമെന്റംഗമായി, നിയമസഭാംഗമായി, സ്പീക്കറായി ജവഹർലാൽ നെഹ്റുവിന്റെയും, ഇന്ദിരാ ഗാന്ധിയുടെയും, ലാൽ ബഹദൂർ ശാസ്ത്രിയുടെയും മന്ത്രിസഭയിൽ കേന്ദ്രമന്ത്രിയായി, നയതന്ത്ര പ്രതിനിധിയായി പുറം രാജ്യങ്ങളിൽ പോയി അവസാനം ഖാദി കമ്മീഷന്റെ വൈസ് ചെയർമാനായി. ഉന്നതമായ വ്യക്തിത്വമുള്ള അദ്ദേഹത്തിന്റെ ജീവിതകാലത്ത് പല നല്ല വികസന പ്രവർത്തനങ്ങളും കാഴ്ചവച്ച അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സഖാവ് ഇ. കെ. നായനാരുടെയും എ. എം. തോമസിന്റെയും നിര്യാണത്തിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ജനനേതാക്കളെല്ലാവരും ജനകീയർ ആയിരിക്കണമെന്നില്ല, ജനകീയരെല്ലാവരും ജനപ്രിയരായിരിക്കണമെന്നില്ല. സഖാവ് ഇ.കെ. നായനാരെ സംബന്ധിച്ചിടത്തോളം അദ്ദേഹം ജനകീയനായിരുന്നു, ജനപ്രിയനായിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹവും വഹിച്ചുകൊണ്ട് കണ്ണൂരിലേക്ക് പോയ വിലാപയാത്രയിൽ പങ്കെടുത്ത ജനങ്ങൾ, അവരുടെ നിറഞ്ഞ കണ്ണുകൾ ഇതെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്ന കാര്യങ്ങളാണ്. ഈ നിയമസഭയിലുള്ളവർക്കും, കേരളത്തിലെ ആളുകൾക്കും എല്ലാവർക്കുമറിയാം നായനാരെപോലെ വ്യക്തികളെ ഇത്രമാത്രം കടന്നാക്രമിച്ചിട്ടുള്ള, വ്യക്തികളെ ഇത്രമാത്രം പരിഹസിച്ചിട്ടുള്ള, വ്യക്തികളെ ഇത്രമാത്രം ആക്ഷേപിച്ചിട്ടുള്ള ഒരു ജനനേതാവ് ഉണ്ടായിട്ടില്ല. പക്ഷേ പരിഹാസമേറ്റാലും ആക്ഷേപിക്കപ്പെട്ടാലും എതിരാളികൾ ഇത്രമാത്രം സ്നേഹിച്ച മറ്റൊരു ജനനേതാവ് നായനാരെപോലെ ഉണ്ടായിട്ടില്ല എന്നുള്ളത് വലിയ വിരോധാഭാസമാണ്. നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണത്. കാരണം നായനാർ എന്ത് പറഞ്ഞാലും അതിന്റെ പിന്നിൽ കാപട്യമില്ല, ദുരുദ്ദേശമില്ല. അദ്ദേഹം ഉപയോഗിക്കുന്ന ഒരു വാക്ക് നമ്മൾ ഉപയോഗിച്ചാൽ ജനം നമുക്ക് മാപ്പ് തരില്ല. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ, ഉദ്ദേശശുദ്ധിയെ ബഹുമാനിച്ചതുകൊണ്ടാണ്. നായനാർ ഏത് വാക്ക് ഉപയോഗിച്ചാലും എത്ര വാക്കുകൾ കൊണ്ട് അധിക്ഷേപിച്ചാലും, പരിഹസിച്ചാലും നായനാർ ജനങ്ങളെ ആകർഷിക്കുകയാണ്. വാസ്തവത്തിൽ പറഞ്ഞാൽ അത് വലിയൊരു വ്യക്തിത്വമാണ്. ഞാൻ ഒന്നുരണ്ട് അനുഭവങ്ങൾ പറയട്ടെ, നായനാരെ സംബന്ധിച്ചിടത്തോളം ഇത്രമാത്രം

LIBRARY ARCHIVES Kerala Legislative Assembly

ശക്തനായ ഒരു മുഖ്യമന്ത്രി വേറെയുണ്ടോ എന്നെനിക്ക് സംശയമാണ്. ആ ശക്തി എന്നുപറയുന്നത് പാണ്ഡിത്യമല്ല, ശക്തി എന്നുപറയുന്നത് പ്രാഗത്ഭ്യമല്ല. ഞാൻ അദ്ദേഹത്തിന്റെ കൂടെ 1980-ലെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ എൻ.ഡി.സി. മീറ്റിംഗിലും ആസൂത്രണ കമ്മീഷന്റെ ചർച്ചാ വേളയിലും പോയിട്ടുണ്ട്. ധനകാര്യമന്ത്രിയും ഉദ്യോഗസ്ഥൻമാരും വസ്തുതകൾ നിരത്തിവയ്ക്കും. അവസാനം നായനാരുടെ ഊഴമായി. നായനാരുടെ ചർച്ചയായി. നായനാർ വരും, പരുക്കൻ ഭാഷയിൽ, പരുക്കൻ ഭാഷയെന്ന് പറഞ്ഞാൽ നമ്മുടെ മലയാളത്തിലെ പരുക്കൻ ഭാഷയിൽ "നിങ്ങൾക്ക് വല്ല വിവരവുമുണ്ടോ; ഇവിടെ ആരെങ്കിലും പള്ളിക്കൂടത്തിൽ പോകുന്നവരുണ്ടോ? കേരളീയർ നൂറു ശതമാനവും സാക്ഷരരാണ്. ഞങ്ങൾക്ക് പണമില്ലാത്തതിനാൽ, പണം തരണം"എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റേതു മാത്രമായ ശൈലിയിലെ വാക്കുകൾ മറക്കാൻ കഴിയുന്നതല്ല. ഒരു പ്രാവശ്യം കേരളത്തിന് വേണ്ടി സ്പെഷ്യൽ അസിസ്റ്റൻസ് അനുവദിച്ച ആ രംഗം ഞാൻ ഓർക്കുകയാണ്. എൻ.ഡി.സി. മീറ്റിംഗിന് പോയപ്പോൾ എല്ലാവരുടെയും ശ്രദ്ധ അദ്ദേഹം പിടിച്ചുപറ്റി. അച്ചടിച്ച പ്രസംഗം വായിക്കാതെ ഒരു നോട്ടുബുക്കിൽ കുത്തിക്കുറിച്ച, കേന്ദ്രത്തെ ചൊടിപ്പിക്കുന്ന, അദ്ധ്യക്ഷവേദിയിലിരിക്കുന്ന ഇന്ദിരാഗാന്ധിയെ പോലും ചൊടിപ്പിക്കുന്ന കുറെ പരിഹാസങ്ങൾ വാരി വിതറി. അപ്പോൾ എല്ലാവരും അദ്ദേഹത്തെ ശ്രദ്ധിക്കുകയാണ്. വളരെ ബഹുമാനത്തോടും ആദരവോടുംകൂടി ദേശീയ നേതാക്കളും, ഇന്ദിരാഗാന്ധി പോലും നായനാരെ കാണുന്നു. കാരണം നായനാരെ പോലെ നിഷ്കളങ്കനായ ഒരു വ്യക്തി, മറ്റാരോടും പകയില്ലാത്ത, കാപട്യമില്ലാത്ത, ഒരു നേതാവെന്നുള്ള നിലയിൽ കേരളത്തിലെയും ഇൻഡ്യയിലെയും ജനങ്ങൾ ആദരിക്കുന്നയാൾ. ഞാൻ ഓർക്കുന്നു, അദ്ദേഹം ആദ്യം മുഖ്യമന്ത്രിയായിട്ട് സത്യപ്രതിജ്ഞ ചെയ്തിട്ട് ചർച്ചയ്ക്ക് ഡെൽഹിക്ക് പോവുകയാണ് ചർച്ച കഴിഞ്ഞ് തിരിച്ചുവരുമ്പോൾ എന്നോട് പറഞ്ഞു, "ബോംബെ മലയാളികൾ ഒരു യോഗം ഒരുക്കിയിട്ടുണ്ട്, കുഞ്ഞുമാണിയും കൂടി വരണം". ഞാൻ ചോദിച്ചു, "ഞാൻ വരണോ സഖാവെ നിങ്ങളുടെ യോഗമല്ലെ?"വരണം എന്നുപറഞ്ഞു. എന്നെയും കൂട്ടിക്കൊണ്ട് പോയി. അവിടെ പോയപ്പോൾ മലയാളികളുടെ വലിയൊരു സദസ്സാണ്. മലയാളികളോട് അദ്ദേഹം പ്രസംഗിച്ചു, "നിങ്ങൾക്ക് വല്ല വിവരവുമുണ്ടോ എന്താണ് നടക്കുന്നതെന്ന്, ഞങ്ങളെത്ര വാദിച്ചാണ് വന്നിരിക്കുന്നത്, കേരളത്തിന്റെ അവകാശം ഞങ്ങൾ എത്രമാത്രം നേടിയെടുത്തുവെന്ന് നിങ്ങൾക്കറിയാമോ? എല്ലാവരും കൂടി ചിരിക്കുകയാണ്. അവിടെയിരിക്കുന്ന ജനങ്ങളെ മുഴുവൻ പരുക്കൻ വാചകങ്ങൾ കൊണ്ട് നായനാർ ആകർഷിക്കുകയാണ്. എത്ര വലിയ വ്യക്തിത്വമാണെന്ന് ഞാൻ ഓർക്കുകയാണ്. ഞാൻ 1980-ൽ ധനകാര്യമന്ത്രിയായിരുന്ന അവസരത്തിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ പ്രഖ്യാപിച്ചു. അദ്ദേഹത്തിനത് വളരെ ഇഷ്ടപ്പെട്ടു. എന്നെ വളരെയേറെ അനുമോദിക്കുകയും ചെയ്തു. ഞങ്ങൾ തമ്മിലുണ്ടായ ആ വിശ്വാസബന്ധം, ആ സ്നേഹബന്ധത്തിന്റെ ഉറവിടം അവിടുന്നായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ചേരി മാറിയെങ്കിലും രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടായി എങ്കിലും മരിക്കുന്നതുവരെയും ആ സ്നേഹബന്ധം നിലനിർത്തുവാൻ കഴിഞ്ഞു. ഞാൻ എന്റെ പാർട്ടി നേതാവിനെ ആദരിച്ചതുപോലെ ആദരിച്ച ഒരു നേതാവായിരുന്നു നായനാർ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള ദുഃഖം ഞാൻ രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമതായി എ.എം. തോമസ്, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വച്ച് നടന്ന വലിയൊരു പൊതു യോഗത്തിൽ വച്ചാണ് കേന്ദ്ര മന്ത്രിയായിരുന്ന എ.എം. തോമസിനെ ഞാൻ പരിചയപ്പെടുന്നത്. അന്ന് അദ്ദേഹത്തിന്റെ ഹൃദ്യമായ വാക്കുകൾ, പെരുമാറ്റം, വിനയം, നിഷ്കളങ്കത ഇവയെല്ലാം എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. മുഖ്യമന്ത്രി പറഞ്ഞത് എത്രയോ കറക്റ്റാണ്. എറണാകുളത്ത് ഇത്രയും മഹാനായ ഒരാൾ എറണാകുളം ജില്ലയിലെ സമ്മേളനങ്ങളിൽ ഒരു ശ്രോതാവായിട്ട് മുൻനിരയിൽ അദ്ദേഹം ഇരിക്കും. നമ്മളാരെങ്കിലും അങ്ങനെ ചെയ്യുമോ? ഇത്രമാത്രം നിഷ്കളങ്കതയും വിനയവുമുള്ള എ.എം. തോമസിനെ പോലുള്ള ഒരു നേതാവിനെ കണ്ടുകിട്ടില്ല. 1948-ൽ കണയന്നൂരിൽ നിന്ന് ജയിച്ച് കൊച്ചി പ്രജാമണ്ഡലം മെമ്പർ ആയതിന് ശേഷം തിരുകൊച്ചിയിൽ ടി.എം. വർഗ്ഗീസ് രാജിവച്ച സന്ദർഭത്തിൽ തിരുകൊച്ചിയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട എ.എം. തോമസ് മഹാനായ വ്യക്തിത്വത്തിനുടമയായിരുന്നു. എത്രയോ സ്ഥാനങ്ങളിലിരുന്നു. അതിലേക്കൊന്നും ഞാൻ കൂടുതൽ കടക്കുന്നില്ല. വാസ്തവത്തിൽ എ.എം. തോമസ് ചിന്താഗതിയിലും പ്രവർത്തനത്തിലും ഒരു ഗാന്ധിയനായിരുന്നു. അത്രമാത്രം നല്ല ഒരു പൊതുപ്രവർത്തനം കാഴ്ചവച്ച നേതാവെന്നുള്ള നിലയിൽ ജനങ്ങളുടെ ഹൃദയത്തിൽ ഇന്നും അനശ്വരനായി അദ്ദേഹം ജീവിക്കുന്നു. ഞാൻ എന്റെ വാക്കുകൾ ചുരുക്കട്ടെ, ഇ.കെ. നായനാരുടെയും എ. എം. തോമസിന്റെയും സ്മരണയ്ക്ക് മുൻപിൽ ഒരിക്കൽകൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. സി.കെ നാണു: ആദരണീയനായ ഇ.കെ. നായനാർക്കും എ.എം. തോമസിനും ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് ബഹുമാന്യരായ കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. സ്വാതന്ത്ര്യ സമര കാലത്ത് മലബാറിലെ പിന്നാക്കം കിടക്കുന്ന ജനവിഭാഗത്തിന്റെ മോചനത്തിന് വേണ്ടി, ഉയർന്ന ജാതിയിൽപ്പെട്ട, കേളപ്പജിയും എ.കെ.ജി.-യും സി.കെ. ഗോവിന്ദൻ നായരും അതുപോലെയുള്ള നേതാക്കളും അനുഭവിച്ചതുപോലെ, പിന്നാക്കം കിടക്കുന്ന ആളുകൾക്കൊപ്പം ദുഃഖങ്ങൾ കഴിച്ചതിന്റെ പേരിലും അവരുടെ ജീവിത പുരോഗതിക്കു വേണ്ടി അവരോടൊപ്പം നിന്നതിന്റെ ഫലമായി തങ്ങളുടെ കുടുംബത്തിൽ നിന്നുപോലും ആക്ഷേപത്തിന് വിധേയരാക്കപ്പെട്ട സാഹചര്യം അത്തരത്തിലുള്ള നേതാക്കൾക്കുണ്ടായതുപോലെ സഖാവ് നായനാർക്കും ഉണ്ടായിട്ടുണ്ട്. സഖാവ് നായനാർ ചെറുപ്പകാലത്ത് രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. ഒരു രാഷ്ട്രീയ നേതാവ് ദീർഘകാലം തന്റെ പ്രസ്ഥാനത്തിന് വേണ്ടി കഷ്ടപ്പെടുക, ചുമതലകൾ നിർവ്വഹിക്കുക, കോഴിക്കോട്ടായാലും എറണാകുളത്തായാലും കേരളത്തിന്റെ ഏത് ഭാഗത്തും അദ്ദേഹത്തിന്റെ പാർട്ടി ഏത് ചുമതല ഏൽപ്പിക്കുന്നോ ആ സംഘടനാപരമായ ചുമതലകൾ നൂറുശതമാനവും ഉത്തരവാദിത്തബോധത്തോടുകൂടി നടപ്പിലാക്കി. അതിന്റെ ഫലമായി വളർന്നുവന്ന നേതൃത്വം, അതോടൊപ്പം രാഷ്ട്രീയ നേതാവെന്നുള്ള നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം. ആ പ്രവർത്തനം ജനങ്ങൾ മുഴുവൻ അംഗീകരിക്കുന്ന രൂപത്തിൽ വളർന്നുവന്നതായിട്ടാണ് നമുക്ക് പിന്നീട് കാണാൻ സാധിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻപ് മന്ത്രിമാരായിരുന്ന പ്രമുഖരായ ആളുകളും കക്ഷിനേതാക്കളും പറഞ്ഞതുപോലെ കഴിഞ്ഞ നിയമസഭയിൽ ഞങ്ങളെല്ലാം ഇവിടെ വന്നപ്പോൾ പുതിയ എം.എൽ.എ.-മാർ എന്നുള്ള നിലയ്ക്ക് അദ്ദേഹം ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ പ്രോത്സാഹനം, കുറച്ചു മാസങ്ങൾ മന്ത്രിയായിരിക്കാൻ അവസരം ലഭിച്ച എനിക്ക് അദ്ദേഹം പല സന്ദർഭങ്ങളിലും നൽകിയ നിർദ്ദേശങ്ങൾ, സ്നേഹം ഇതെല്ലാം വളരെ വലുതാണ്. കഴിഞ്ഞ നിയമസഭയിലെ ഓരോ രംഗങ്ങളും മനസ്സിൽ കാണുന്ന ഈ അവസരത്തിൽ ഒരു ഭരണാധികാരി എന്നുള്ള നിലയിൽ തന്റേടം കാണിക്കേണ്ട അവസരത്തിൽ തന്റേടം കാണിച്ചതും, പ്രതിപക്ഷത്തുള്ള താൻ സ്നേഹിക്കുന്ന നേതാക്കളെ പലരെയും പേർ വിളിച്ചുകൊണ്ട് അവർ സംസാരിക്കുമ്പോഴെല്ലാം അതിൽ അഭിപ്രായം പറയുക, മറ്റൊരു നേതാവിൽ നിന്നും കാണാൻ സാധിക്കാത്ത രൂപത്തിലുള്ള പ്രത്യേകതകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ നായനാർക്ക് അന്ത്യോപചാരം അർപ്പിക്കാൻ വേണ്ടി കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആളുകൾ മണിക്കൂറുകളോളം കാത്ത് നിന്ന അവസരത്തിൽ അവിടെ നിന്നവർക്കെല്ലാം ഒരു അത്ഭുതമെന്നുള്ള നിലയ്ക്ക് മാത്രമേ അദ്ദേഹത്തിന്റെ ആ വ്യക്തിത്വത്തെ വിലയിരുത്താൻ സാധിച്ചിട്ടുള്ളു. സഖാവ് നായനാരുടെ ആ ഓർമ്മയ്ക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അതുപോലെ, എ. എം. തോമസ് ആരംഭത്തിൽ ഒരു കോൺഗ്രസ് പ്രവർത്തകനായിരുന്നെങ്കിലും മലബാർ ഭാഗത്ത് മാത്രം പ്രവർത്തിച്ച എനിക്ക് അദ്ദേഹവുമായി വളരെയേറെ വ്യക്തിപരമായി ബന്ധമുണ്ടായിരുന്നു. അനേകകാലം പണ്ഡിറ്റ് ജി, ലാൽബഹദൂർ ശാസ്ത്രി എന്നിവരുടെ മന്ത്രിസഭയിൽ അംഗമായിരുന്ന അദ്ദേഹത്തിന് സ്വാതന്ത്ര്യ സമരകാലത്ത് ഖാദി വസ്ത്രത്തിന്റെ പ്രചാരണം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ പോലും ഖാദിയുടെ പ്രോൽസാഹനത്തിനുവേണ്ടി മൊറാർജി ദേശായിയുമായി ബന്ധപ്പെട്ടുകൊണ്ട് സംസാരിച്ച പലകാര്യങ്ങളും പിന്നീട് മനസ്സിലാക്കാൻ സാധിച്ചു. അതുകൊണ്ട് ബഹുമാന്യനായ ഇ. കെ. നായനാരുടെയും, കേരളത്തിൽ വളരെക്കാലം ഒരു മന്ത്രിയാകാനും ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമയാകാനും സാധിച്ച എ.എം.തോമസിന്റെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഈ സഭയും ബഹുമാനപ്പെട്ട അംഗങ്ങളും കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, അന്തരിച്ച സഖാവ് നായനാരുടെയും എ.എം.തോമസിന്റെയും നിര്യാണത്തിൽ നിയമസഭയിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പ്രത്യയശാസ്ത്രങ്ങൾക്ക് അതീതനായി എല്ലാ വിഭാഗം ജനങ്ങളുമായി സ്നേഹബന്ധവും സൗഹാർദ്ദവും നിലനിർത്തിയ ഒരു വ്യക്തിയാണ് സഖാവ് നായനാർ. മുന്നു പ്രാവശ്യം മുഖ്യമന്ത്രിയായെങ്കിലും ഭരണം സംബന്ധിച്ചോ ഭരണതന്ത്രത്തെ സംബന്ധിച്ചോ അദ്ദേഹം വളരെ സീരിയസായി ആലോചിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. പലപ്പോഴും അദ്ദേഹം വിശ്വസ്തരായിട്ടുള്ള ആളുകളെ ആ കാര്യങ്ങൾ ഏല്പിച്ച് അവരുടെ ഉപദേശ പ്രകാരമുള്ള പ്രവർത്തനമാണ് കാഴ്ചവച്ചുകൊണ്ടിരുന്നത്. അദ്ദേഹത്തിന് ഈ സമയങ്ങളിലെല്ലാം എഴുത്തും വായനയും അതുപോലെതന്നെ പാർട്ടിയുടെ തത്വശാസ്ത്ര വിശദീകരണ ലേഖനങ്ങളെഴുതുന്നതിലും അതുപോലെതന്നെ അദ്ദേഹത്തിന്റെ മുമ്പിൽ വരുന്നതായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള കൂടിയാലോചനാനടപടികൾ എടുക്കുവാനും കോൺഫറൻസുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുവാനുമാണ് കൂടുതൽ സമയവും ചെലവഴിച്ചിട്ടുള്ളത്. അവസാനംവരെ എതിരാളികളെപ്പോലും സ്നേഹിതരെന്നുള്ള നിലയിൽ കണക്കാക്കി, റവന്യൂ വകുപ്പ് മന്ത്രി പറഞ്ഞതുപോലെ വളരെ കർശനമായി നിയമസഭയിൽ അപ്പുറത്തിരുന്ന പ്രതിപക്ഷങ്ങളെ പരിഹസിക്കുകയും ചെയ്തതിനുശേഷം ഇറങ്ങിപ്പോകുന്നതിനു മുമ്പ് അതൊക്കെ മറക്കത്തക്കവിധത്തിലുള്ള സംസാരവും സ്നേഹവും പ്രകടിപ്പിക്കുന്ന സ്വഭാവവുമുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സാധാരണ നേതാവിനെക്കാൾ കേരളത്തിലെ വലിയ നേതാക്കന്മാർക്ക് പോലും കിട്ടാത്ത ജനക്കൂട്ടം കാണിക്കുന്നത് നായനാരെ അദ്ദേഹത്തിന്റെ എല്ലാ ദൗർബല്യത്തിലും ജനങ്ങൾ സ്നേഹിച്ചിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള ദുഃഖം രേഖപ്പെടുത്തുന്നു. സന്തപ്ത കുടുംബത്തിനോട് അനുശോചനം അറിയിക്കുന്നു.

എ. എം. തോമസ്, അദ്ദേഹം നിയമസഭാംഗമായിരുന്നെങ്കിലും അദ്ദേഹത്തെ നേരിട്ട് എനിക്ക് പരിചയമില്ല. ഞാൻ നിയമസഭയിലേക്ക് തെരഞ്ഞെടുക്കുന്നതിനുമുമ്പത്തെ നിയമസഭയിലായിരുന്നു അദ്ദേഹം ഇവിടെ സ്പീക്കറായിട്ടിരുന്നത്. ഒടുവിൽ അദ്ദേഹവുമായിട്ട് ഞാൻ പരിചയപ്പെടുന്നത് അദ്ദേഹത്തിന്റെ ഖാദിബോർഡ് പ്രവർത്തനവുമായി ബന്ധപ്പെട്ടാണ്. ഖാദിയുമായിട്ടുള്ള പ്രവർത്തനങ്ങളുടെ നടപടി ക്രമങ്ങളിൽ അദ്ദേഹം ഒരു ഉറച്ച ഗാന്ധിയനെപ്പോലെ ഖാദിയുടെ പ്രചരണത്തിനും ഖാദിയൻ വ്യവസായങ്ങൾ കൂടുതൽ പുഷ്ടിപ്പെടുത്താനും, പ്രചരിപ്പിക്കാനും എടുത്ത നടപടികളിലൂടെയാണ്. ഈ രണ്ട് മഹാന്മാരുടെയും നിര്യാണത്തിൽ നിയമസഭ പ്രകടിപ്പിച്ചതായിട്ടുള്ള അഭിപ്രായങ്ങളോട് യോജിക്കുന്നു. ഈ രണ്ട് പേരുടേയും കുടുംബാംഗങ്ങളോട് എന്റേയും എന്റെ പാർട്ടിയുടെയും ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നതോടൊപ്പം അവരുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ,. ആദരണീയ നേതാക്കളായ സഖാവ് ഇ. കെ. നായനാരുടെയും എ. എം. തോമസിന്റെയും നിര്യാണത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് നേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുകയാണ്. വാക്കുകൾകൊണ്ട് വിശേഷിപ്പിക്കാമെങ്കിൽ സഖാവ് നായനാർ പാവങ്ങളുടെ പടത്തലവനായിരുന്നു എന്ന് പറയാവുന്നതാണ്. കാരണം സഖാവ് ഇ. കെ. നായനാരുടെ ജീവചരിത്രം അറിയാവുന്നവർക്ക് അദ്ദേഹം 11 വർഷക്കാലം ജയിലിലും നീണ്ട 11 വർഷക്കാലം ഒളിവിലും രാഷ്ട്രീയ പ്രവർത്തനം നടത്തിയ ഒരു വലിയ മനുഷ്യനാണ്. അതുകൊണ്ടുതന്നെയാണ് പാവങ്ങളെ സ്നേഹിക്കുവാനും ജനമനസ്സുകൾ തിരിച്ചറിയുവാനും സഖാവ് നായനാർക്ക് സാധിച്ചത്. നായനാർ പരമ്പരാഗത തൊഴിലാളികളുടെ യോഗങ്ങളിൽ പങ്കെടുക്കുമ്പോഴും പാവങ്ങളുടെ സമ്മേളനങ്ങളിൽ പങ്കെടുക്കുമ്പോഴുമെല്ലാം അദ്ദേഹത്തിന്റെ തനതായ ഭാഷയിൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഓന്റെ കാലത്താണ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഉണ്ടായത്. ഓന്റെ കാലത്താണടോ കശുവണ്ടി തൊഴിലാളിക്കും കയർ തൊഴിലാളിക്കും കൈത്തറി തൊഴിലാളിക്കും വേതനം നൽകുവാനും പാവങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഓനാണ് മുൻകൈ പ്രവർത്തനം നടത്തിയതെന്ന് വളരെ അഭിമാനപൂർവ്വം പറയുന്നത് കേൾക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അതുതന്നെയാണ് അന്ത്യകാലത്ത് കേരളത്തിലെ ജനത അഭൂതപൂർവ്വമായ നിലയിൽ അദ്ദേഹത്തെ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിക്കുന്ന തരത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുവാൻ ഓടി എത്തിയതെന്ന് വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. ആ മഹാനുഭാവനു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

എ. എം. തോമസ് തിരുകൊച്ചി നിയമസഭയുടെ സ്പീക്കറും ദീർഘനാൾ കേന്ദ്ര മന്ത്രിയും വിവിധ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ച വ്യക്തിയുമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ വലിയൊരു നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണത്തിലും ദുഃഖം രേഖപ്പെടുത്തുന്നു. ഞാൻ അനുശോചിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും അവിസ്മരണീയമായ ഒരു ദിവസമായി ഇന്ന് മാറിയിരിക്കുകയാണ്. ഒരു ഗവർണ്ണറെക്കുറിച്ചും ഒരു മുൻ മുഖ്യമന്ത്രിയെക്കുറിച്ചും ഒരു മുൻ സ്പീക്കറെക്കുറിച്ചും ഒന്നിച്ച് ഒരു ഫുൾ റഫറൻസ് കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. ഇവിടെ ഇപ്പോൾ നാം സ്മരിക്കുന്ന മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ, അദ്ദേഹം ഇവിടെ മറ്റ് നേതാക്കൾ സൂചിപ്പിച്ചതുപോലെ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഒരു നേതാവാണ്. അദ്ദേഹം മൂന്നു പ്രാവശ്യം 1980-ലും 1987-ലും 1996-ലും നമ്മുടെ നിയമസഭയിൽ സംസ്ഥാനത്തെ മുഖ്യമന്ത്രിയായി പ്രവർത്തിച്ചപ്പോൾ പ്രതിപക്ഷത്തിരുന്നു പ്രവർത്തിക്കാൻ അവസരം കിട്ടിയ ഒരു ആളാണ് ഞാൻ. അദ്ദേഹം ഒരു മന്ത്രിയായിട്ട് പ്രവർത്തിച്ചിട്ടില്ല. മുഖ്യമന്ത്രിയായിട്ടാണ് നമ്മുടെ സഭയിൽ ദീർഘകാലം പ്രവർത്തിച്ചത്. 11 വർഷക്കാലത്തെ അദ്ദേഹത്തിന്റെ മുഖ്യമന്ത്രി എന്നുള്ള പ്രവർത്തനത്തിൽ അദ്ദേഹത്തെ ഭരണപരമായും രാഷ്ട്രീയമായും പല സന്ദർഭങ്ങളിലും വളരെ ശക്തമായ ഭാഷയിൽ ഞാൻ വിമർശിച്ചിട്ടുണ്ട്. പത്താം നിയമസഭയിൽ ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ അദ്ദേഹം മുഖ്യമന്ത്രിയായി ഇപ്പുറത്തുണ്ട്. പല സന്ദർഭങ്ങളിലും വളരെ ശക്തമായി പരസ്പരം സംസാരിക്കേണ്ട സന്ദർഭം വന്നത് ഞാൻ ഓർക്കുന്നുണ്ട്. പക്ഷേ ആ സന്ദർഭങ്ങളിലൊക്കെത്തന്നെയും അതിനുശേഷവും വളരെ സൗഹാർദ്ദപരമായ ഒരു സമീപനം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു എന്ന് എനിക്ക് അറിയാനുള്ള നിരവധി സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വസ്തനും സന്തതസഹചാരിയുമായ ശ്രീ. വാര്യർ തന്നെ എന്നോട് അത് സൂചിപ്പിച്ചിട്ടുണ്ട്. എതിരാളിയോടുള്ള എന്തെങ്കിലും അതിരുകടന്ന ആക്ഷേപം കൊണ്ടല്ല, അദ്ദേഹത്തിന്റെ മനസ്സിൽ എന്ത് തോന്നുന്നുവോ അത് അദ്ദേഹം തുറന്നു പറയാറുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, എതിരാളികളെ എത്ര ശക്തമായ ഭാഷയിൽ നേരിടാനും അദ്ദേഹത്തിന് കഴിയും. എന്നാൽ എതിരാളികൾക്ക് അത് ഒരു മനഃപ്രയാസമായി തോന്നിയിട്ടുമുണ്ടാവില്ല എന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിന്റെ സംസാരങ്ങളിലെല്ലാം നർമ്മബോധം ധാരാളമുണ്ടായിരുന്നു. ജനഹൃദയങ്ങളിൽ അദ്ദേഹം ചിരപ്രതിഷ്ഠ നേടിയതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്. ജനങ്ങളുടെ മനസ്സിൽ ഏറ്റവും ഉന്നതമായ സ്ഥാനം അദ്ദേഹത്തിന് എന്നും ഉണ്ട്. കേരള നിയമസഭയിൽ നായനാർ തിളങ്ങിനിന്ന ഒരുപാട് സന്ദർഭങ്ങൾ നമുക്ക് ഓർമ്മിക്കുവാൻ കഴിയും. ഇവിടെ ബഹുമാന്യയായ ഗൗരിയമ്മ പല കാര്യങ്ങൾ സൂചിപ്പിച്ചു. മുഖ്യമന്ത്രിയുടെ തൊട്ടടുത്ത കസേരയിൽ ഗൗരിയമ്മ ഇരുന്ന രണ്ടു സന്ദർഭങ്ങൾ ഞാൻ ഓർക്കുന്നു. 1980-ലെ ഗവൺമെന്റ് വന്ന സന്ദർഭത്തിൽ പലപ്പോഴും നായനാർ ഞങ്ങളെയൊക്കെ ശക്തമായ ഭാഷയിൽ ആക്രമിക്കുമ്പോൾ നായനാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഷർട്ടിൽ പിടിച്ചു വലിക്കുന്ന ഗൗരിയമ്മയെ ഞാൻ കണ്ടിട്ടുണ്ട്. ഒന്നു രണ്ടു സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ബട്ടൺസ് വരെ പോയിട്ടുണ്ട്. കാരണം ഗൗരിയമ്മ അത്രയും ശക്തമായാണ് അദ്ദേഹത്തെ നിയന്ത്രിക്കുവാൻ ശ്രമിച്ചത്. പക്ഷേ അപ്പോഴും തനിക്ക് പറയാനുള്ളത് പൂർണ്ണമായി പറയാതെ നായനാർ ഇരുന്നിട്ടില്ല. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയാണത്. രണ്ടു പ്രാവശ്യം അദ്ദേഹം ഇവിടെ പ്രതിപക്ഷ നേതാവായിരുന്നു. പ്രതിപക്ഷ നേതാവായിരുന്നപ്പോഴും അദ്ദേഹം പ്രതിപക്ഷ നേതാവിന്റെ ദൗത്യം നന്നായി നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹം സ്പീക്കറെ കടന്നാക്രമിച്ചിട്ടുണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണനുമായി അദ്ദേഹം നടത്തിയ ഒരു വാക്കിന്റെ പ്രയോഗം സാധാരണ ഒരു മുഖ്യമന്ത്രി സ്പീക്കറോട് പറയാറില്ല. പക്ഷേ അന്നത്തെ മുഖ്യമന്ത്രി ശ്രീ നായനാർ അങ്ങനെ പറഞ്ഞപ്പോൾ വലിയ ഒരു പ്രശ്നമായി അന്നത്തെ പ്രതിപക്ഷമോ നിയമസഭയിലെ അംഗങ്ങളോ അത് എടുത്തിട്ടില്ല. കാരണം നർമ്മബോധവും അദ്ദേഹത്തിന്റെ മനസ്സിലെ അപ്പോഴത്തെ വികാരവും അദ്ദേഹം പ്രകടിപ്പിക്കുന്നു എന്നു മാത്രമേയുള്ളൂ. അത് പലപ്പോഴും നമ്മൾ ഓർമ്മിക്കാറുള്ളതാണ്. ജീവിതത്തിൽ ഉറച്ച കമ്മ്യൂണിസ്റ്റുകാരനായിത്തന്നെ അവസാനംവരെ നില്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാർട്ടി എന്തു പറയുന്നോ അതിനപ്പുറത്തേക്ക് അദ്ദേഹം നീങ്ങിയിട്ടില്ല എന്ന് നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വീക്ഷിച്ചവർക്ക് പറയാൻ കഴിയും. ആരംഭം മുതൽ അവസാനം വരെ തന്റെ ജീവിത കാലം മുഴുവൻ പാർട്ടിക്കു വേണ്ടി, പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച ഒരു വലിയ നേതാവായിട്ടാണ് നമുക്ക് അദ്ദേഹത്തെ കാണാൻ കഴിയുക. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സർ, ഞാൻ പിതൃതുല്യനായി കാണുന്ന വ്യക്തിയാണ് അന്തരിച്ച എ. എം. തോമസ് വളരെ ചെറുപ്പം മുതൽ തന്നെ അദ്ദേഹവുമായിട്ട് വളരെ അടുത്ത ബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരേ പ്രദേശത്തു നിന്നും വരുന്ന ആളുകൾ എന്നുള്ള നിലയിൽ എന്റെ കുടുംബവുമായും എന്റെ ഭാര്യയുടെ കുടുംബവുമായും അദ്ദേഹത്തിന് ആത്മബന്ധമുണ്ടായിരുന്നു. അദ്ദേഹം ഏതെല്ലാം തുറകളിൽ പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹത്തിന്റെ മഹത്വം കാണിച്ചിട്ടുണ്ട്. തിരു-കൊച്ചി നിയമസഭയുടെ സ്പീക്കറായിരുന്നു. ആദ്യ ലോകസഭയിലെ അംഗമായിരുന്നു. 1967 വരെ തുടർച്ചയായി അദ്ദേഹം എം.പി.-യായിരുന്നു. കേന്ദ്രത്തിൽ ഭക്ഷ്യ മന്ത്രി, കൃഷി മന്ത്രി, പ്രതിരോധ മന്ത്രി എന്നീ നിലകളിലൊക്കെ പ്രവർത്തിക്കുവാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അതിലേറെ അദ്ദേഹം ഖാദി കമ്മീഷന്റെ ചെയർമാനായിരിക്കുമ്പോഴും ആസ്ത്രേലിയയിലെ സ്ഥാനപതിയായിട്ട് ഇരിക്കുമ്പോഴും കൊച്ചിൻ റിഫൈനറിയുടെ ചെയർമാനായിട്ടിരിക്കുമ്പോഴും നമ്മുടെ നാടിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ വിസ്മരിക്കുവാൻ സാധ്യമല്ല. ഒരിക്കലും അദ്ദേഹത്തിന്റെ മുഖം മറ്റുള്ളവരുടെ മുമ്പിൽ കറുത്ത് കണ്ടിട്ടില്ല. എല്ലാവരോടും ഏറ്റവും സൗമ്യമായി പെരുമാറുന്ന രീതിയാണ് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ സഹധർമ്മിണി മരിച്ചു കഴിഞ്ഞ് പള്ളിയിൽ ശവസംസ്കാരം നടക്കുമ്പോൾ അന്ന് ചർച്ചുമായി ബന്ധപ്പെട്ടുണ്ടായ ചില പ്രശ്നങ്ങൾ, വാസ്തവത്തിൽ ഏറ്റവും ദുഃഖകരമായ ചില അനുഭവങ്ങൾ ഉണ്ടായപ്പോഴും തികഞ്ഞ ആത്മസംയമനത്തോടെ നില്ക്കുന്ന തോമസ് സാറിനെ അടുത്തു നിന്ന് കണ്ടയാളാണ് ഞാൻ. അദ്ദേഹത്തിന്റെ മനസ് പോലെത്തന്നെ എല്ലാ മക്കളും മരണ സമയത്ത് സമീപത്തുണ്ടായിരുന്നു. എല്ലാവരും ഉണ്ടായിരുന്നു. നല്ല ഒരു

LIBRARY ARCHIVES Kerala Legislative Assembly

അന്ത്യം അദ്ദേഹത്തിനുണ്ടായി. ഒരു നല്ല മനുഷ്യനായ അദ്ദേഹത്തെ അടുത്തറിയാവുന്ന വർക്കെല്ലാം ഹൃദയത്തിൽ സൂക്ഷിക്കുവാൻ കഴിയുന്ന ഒരുപാട് നല്ല ഓർമ്മകളുണ്ട്. അദ്ദേഹം കേഡസിന്റെ വൈസ് ചെയർമാനായി പ്രവർത്തിച്ചു. പി.എൻ.പണിക്കരും ജസ്റ്റീസ് സാമിയും സമിതിയുടെ ഭാരവാഹികളായുണ്ടായിരുന്നു. അവരോടൊപ്പം അതിന്റെ ഒരു ഭാരവാഹിയായി പ്രവർത്തിക്കാൻ കഴിഞ്ഞ ആളാണ് ഞാൻ. ഇങ്ങനെ ഏത് രംഗത്ത് തോമസ് സാർ നിന്നിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകത കാണാൻ കഴിയും. മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ എറണാകുളത്ത് അദ്ദേഹത്തെ മാറ്റി നിറുത്തിക്കൊണ്ട് ഒരു ചടങ്ങിനെ കുറിച്ച് ആരും ചിന്തിച്ചിട്ടില്ല. ജനഹൃദയത്തിൽ അത്രമാത്രം ചിരപ്രതിഷ്ഠ നേടിയ വലിയ ഒരു നേതാവായിരുന്നു തോമസ് സാർ എന്നുള്ളത് ഈ സന്ദർഭത്തിൽ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നായനാരുടെയും എ.എം.തോമസ് സാറിന്റെയും സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ഡോ.കെ.സി.ജോസഫ് : മഹാന്മാരായ രണ്ടു നേതാക്കളെ സംബന്ധിച്ച അനുസ്മരണം നടക്കുന്ന ഈ അവസരത്തിൽ, സഖാവ് ഇ.കെ.നായനാരെ കുറിച്ചും എ. എം. തോമസിനെ കുറിച്ചും അങ്ങും സഭാ നേതാവും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. മൂന്നു തവണ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴും കേരള സംസ്ഥാനത്തെ പുരോഗതിയിലേക്കു നയിക്കുന്നതിനും അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വേണ്ടി ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ മഹാനായ ഒരു നേതാവായിരുന്നു നായനാർ. അടുത്തിടപെടുവാൻ കഴിഞ്ഞ എല്ലാവർക്കും എക്കാലവും മനസ്സിൽ സൂക്ഷിക്കുവാൻ കഴിയുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ സമ്മാനിച്ചു കൊണ്ടാണ് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്. താൻ വിശ്വസിക്കുന്ന ആശയങ്ങളിൽ പ്രതിബദ്ധതയോടുകൂടി, ശക്തമായി എതിരാളികളെ കടന്നാക്രമിക്കുമ്പോഴും പോരാടുമ്പോഴും മനസ്സിൽ ആർക്കെതിരെയും ഒരു കാലുഷ്യവും ഒരു കാലത്തും അദ്ദേഹം കാണിച്ചിരുന്നില്ല. വഴക്കു പറഞ്ഞുകഴിഞ്ഞും ഉറങ്ങി നേരം വെളുക്കുമ്പോൾ പുതുമനസ്സുമായി അവരെ സമീപിക്കുന്ന നായനാരെയാണ് നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. അടുത്തിടപഴകുന്ന എല്ലാവരോടും വ്യക്തിപരമായ സ്നേഹബന്ധം പാലിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. പാവപ്പെട്ട ആളുകൾക്ക് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞതിൽ എന്നും അഭിമാനം കൊള്ളുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പലപ്പോഴും ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ തെരഞ്ഞെടുപ്പു കാലത്തു പോലും അദ്ദേഹത്തിന്റെ ദുഃഖം ജനങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല എന്നുള്ളതിൽ ആയിരുന്നു. അദ്ദേഹത്തോടൊപ്പം ആയിരിക്കുക എന്നുള്ളത് ഏതൊരാളെ സംബന്ധിച്ചിടത്തോളവും ഏറ്റവും സന്തോഷകരമായ ഒരു അനുഭവമായിരുന്നു. 1978 മുതൽ അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അവസാനം ചികിത്സയ്ക്കായി ഡൽഹിയിലേക്ക് പോകുന്നതിനു ഒരു ആഴ്ചയ്ക്കു മുമ്പ് അദ്ദേഹത്തിന്റെ ഫ്ളാറ്റിൽ പോയിരുന്നു. ടി.വി.-യിൽ വാർത്ത കണ്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് അദ്ദേഹത്തോടൊപ്പം അവിടെ ചെലവഴിച്ചത്. ആ വാർത്ത വായിക്കുമ്പോൾ ഓരോന്നിനെക്കുറിച്ചും അദ്ദേഹത്തിന്റെ കൂടെ ഇരുന്ന എന്നോടും അതുപോലെ ആ സമയത്ത് വാർത്ത കേൾക്കുവാനുണ്ടായിരുന്ന മറ്റുള്ളവരോടും വിശകലനം നടത്തി ഞങ്ങളെ ബോധവാന്മാരാക്കി. പരസ്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറയും. ഏതിനെക്കുറിച്ചും അദ്ദേഹം അദ്ദേഹത്തിന്റെ മനസ്സിൽ തോന്നുന്നത് പറയും. ആ നിലയിലുള്ള വലിയ ഒരു സ്നേഹബന്ധം പുലർത്തുവാനുമെല്ലാം കഴിഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം, കേരള കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം, അതിന്റെ നേതാവായ ശ്രീ. പി. ജെ. ജോസഫിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സ്നേഹം നായനാരിൽ നിന്ന് ലഭിച്ചിരുന്നുവെന്ന് അദ്ദേഹം വേർപിരിഞ്ഞ ഈ അവസരത്തിൽ ഞങ്ങൾ ഏറ്റവും കൃതജ്ഞതയോടുകൂടി ഓർക്കുന്നു. എല്ലാ കാലത്തും ഞങ്ങളുടെ കാര്യങ്ങളിൽ ശ്രദ്ധയോടുകൂടി അദ്ദേഹം നിന്നിരുന്നു. ഞങ്ങളെ സഹായിക്കാൻ നിന്നിരുന്നു. സംരക്ഷിക്കുവാൻ നിന്നിരുന്നു. ആ നിലയിൽ വലിയ സ്നേഹബന്ധം കിട്ടിയിട്ടുള്ള വലിയ നേതാവിനെയാണ് നഷ്ടപ്പെട്ടത്. സി.പി.എം.-ന് അവരുടെ നേതാവിനെ നഷ്ടപ്പെട്ടതോടൊപ്പംതന്നെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഏറ്റവും വലിയ സുഹൃത്തും സംരക്ഷകനുമായിരുന്ന നേതാവിനെയാണ് നായനാരുടെ മരണത്തിലൂടെ നഷ്ടമായത് എന്നുള്ളത് ഏറ്റവും ദുഃഖത്തോടുകൂടി അനുസ്മരിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

കേരളത്തിലെ ജനങ്ങൾ മുഴുവൻ അവരുടെ ഒരു സ്വന്തം സഖാവ്, സുഹൃത്ത് നഷ്ടപ്പെട്ട ഒരു പ്രതീതിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ പങ്കുകൊണ്ടത്. അദ്ദേഹത്തിന്റെ മൃതദേഹം തിരുവനന്തപുരത്ത് വിമാനത്താവളത്തിൽ എത്തിയതുമുതൽ കടപ്പുറത്ത് സംസ്ക്കരിക്കുന്നതു വരെയുള്ള ഓരോ നിമിഷവും ജനങ്ങൾ എത്രയോ തീക്ഷ്ണമായ വികാരത്തോടുകൂടിയാണ് അഭിവാദ്യം അർപ്പിക്കാനായി അവിടെ എത്തിയിരുന്നത് എന്നുള്ളത് ഓർക്കുമ്പോൾ ഈ കാലഘട്ടത്തിൽ ജനങ്ങളുടെ ഹൃദയത്തിൽ എത്രമാത്രം അദ്ദേഹം കയറിപ്പറ്റിയിരുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു ആ അന്ത്യയാത്ര. അത്രമാത്രം ജനഹൃദയത്തിൽ ഇഴുകിച്ചേർന്ന് ജനങ്ങളോടൊപ്പം ആയിരുന്ന, ജനകീയനായ ഒരു നേതാവിനെയും ജനകീയനായ ഒരു ഭരണകർത്താവിനെയും ജനങ്ങളോട് അനുകമ്പയുള്ള ഒരു നേതാവിനെയുമാണ് നമുക്ക് നായനാരുടെ മരണത്തിലൂടെ നഷ്ടമായത്. നായനാർ പൊതുപ്രവർത്തകർക്കെല്ലാം മാതൃകയാണ്. അദ്ദേഹത്തിന്റെ ആ പ്രവർത്തന മാതൃക എപ്പോഴും പൊതുപ്രവർത്തകർക്ക് ആവേശമായിരിക്കും. കേരളം ഉള്ളകാലത്തോളം നായനാരുടെ സ്മരണ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ എപ്പോഴും ഉണ്ടാകും എന്ന് ഉറപ്പായി ഞാൻ കരുതുന്നു.

എ. എം. തോമസിനെ സംബന്ധിച്ച് ഇവിടെ നേതാക്കൾ പറഞ്ഞു. തിരു-കൊച്ചി അസംബ്ളിയുടെ സ്പീക്കറായി, കേന്ദ്ര മന്ത്രിയായി, ഖാദി കമ്മീഷന്റെ ചെയർമാനായി വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിച്ച, സ്വാതന്ത്ര്യ സമര സേനാനിയായി തുടർന്ന് പൊതുപ്രവർത്തന രംഗത്ത് നിഷ്കളങ്കമായ പ്രവർത്തന മാതൃക കാണിച്ചുകൊടുത്ത എ.എം. തോമസിന്റെ ദേഹവിയോഗം പൊതുജീവിതത്തിന് വലിയൊരു നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ രണ്ടു നേതാക്കളുടേയും നിര്യാണത്തിൽ ഇവിടെ പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയും അവരുടെ ആത്മാവിന് നിത്യശാന്തി നേരുകയും എല്ലാവരുടേയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ബി. ഗണേഷ്കുമാർ : സർ, രാഷ്ട്രീയ രംഗത്ത് വ്യത്യസ്ത ധ്രുവങ്ങളിൽ പ്രവർത്തിച്ച പ്രഗൽഭരായ രണ്ട് രാഷ്ട്രീയ നേതാക്കളെപ്പറ്റിയുള്ള അനുസ്മരണമാണ് ഈ സമയത്ത് നടക്കുന്നത്. പ്രഗൽഭരായ രണ്ട് നേതാക്കന്മാരെ പറ്റിയും അങ്ങും, സഭാ നേതാവും, മറ്റ് നേതാക്കളും ചൂണ്ടിപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സഖാവ് നായനാരുടെ വേർപാട് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തറവാട്ടിലെ കാരണവരുടെ നഷ്ടമാണ്. തറവാട്ടിലെ കാരണവർ എന്നു പറയുമ്പോൾ സ്നേഹപൂർവ്വം ചെറുമാറുന്ന, ശാസിക്കാനും വഴക്കുപറയാനും തമാശകൾ പൊട്ടിക്കാനും ഒക്കെ തുനിയുന്ന നല്ല മനസ്സിന്റെ ഉടമയായ കാരണവരെയാണ് കേരളത്തിന് നഷ്ടപ്പെട്ടത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അദ്ദേഹത്തിന്റെ ദേഹവിയോഗവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഭൗതികശരീരവും വഹിച്ചുകൊണ്ടുള്ള വിലാപയാത്ര. ഡൽഹിയിൽ നിന്ന് ആരംഭിച്ച് തിരുവനന്തപുരത്തു വന്ന് കണ്ണൂരിൽ അദ്ദേഹത്തിന്റെ സംസ്ക്കാര ചടങ്ങുകൾ നടന്നതുവരെയുള്ള മുഴുവൻ സമയവും കേരളത്തിലെ ജനങ്ങൾ, അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. നേരിട്ട് എത്തിയ ലക്ഷക്കണക്കിന് ആളുകളും ദൃശ്യ മാധ്യമങ്ങളും കോടിക്കണക്കിന് ആളുകളും മലയാളികളും ലോകത്ത് എമ്പാടും ഇരുന്ന് അദ്ദേഹത്തോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സംസ്ക്കാര ചടങ്ങുകളിൽ പങ്കെടുക്കുകയായിരുന്നു. രാഷ്ട്രീയ രംഗത്ത് കടന്നുവരുന്ന എന്നെപ്പോലെയുള്ള പുതിയ തലമുറയിലെയും പഴയ തലമുറയിലേയും ആളുകൾക്ക് മാതൃക കാണിക്കാൻ പറ്റിയ ഒരു രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹം പലപ്പോഴും രാഷ്ട്രീയ എതിരാളികൾക്കെതിരെ വേദികളിൽ കത്തിക്കയറുമെങ്കിലും ആ വേദിയിൽ നിന്ന് താഴെ വന്നുകഴിഞ്ഞാൽ നേരിട്ടു കാണുമ്പോൾ സ്നേഹത്തോടെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് പറയുന്ന കാര്യങ്ങൾ ഒരിക്കലും നമുക്ക് അദ്ദേഹത്തോട് ഒരു ശത്രുതാ മനോഭാവം ഉണ്ടാക്കില്ല. എതിർ വ്യക്തിയെപ്പറ്റി അദ്ദേഹത്തിന് അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളുണ്ട്. സ്വന്തം രാഷ്ട്രീയ പ്രസ്ഥാനത്തിലും മുന്നണിയിലും നിൽക്കുന്നവരെപ്പറ്റിയും ചില തമാശകൾ പറയാറുണ്ടായിരുന്നു. അദ്ദേഹം അവസാനമായി തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് മടങ്ങുമ്പോഴും ചില തമാശകൾ പറഞ്ഞിരുന്നു. കേരളത്തിലെ ജനങ്ങളോട് വളരെ ആകസ്മികമായി നന്ദി പറഞ്ഞുകൊണ്ടും എല്ലാവർക്കും നല്ലത് വരാൻ വേണ്ടി അദ്ദേഹത്തിന്റെ സ്ഥിരം ശൈലിയായ 'റൈറ്റ്' പറഞ്ഞുകൊണ്ടുമാണ് ഡൽഹിയിലേയ്ക്ക് അദ്ദേഹം പോയത്. ദൃശ്യമാധ്യമങ്ങളിലൂടെ കണ്ട ആ രംഗങ്ങൾ മലയാളികളുടെ മനസ്സിൽനിന്ന് മായുകയില്ല. രാഷ്ട്രീയം എന്തെന്ന് അറിയാത്ത നമ്മുടെ സമൂഹത്തിലെ രാഷ്ട്രീയത്തോട് താൽപ്പര്യം കാണിക്കാത്ത, രാഷ്ട്രീയ കാര്യങ്ങൾ പഠിക്കാത്ത, സാധാരണക്കാരായ ജനങ്ങളും കേരളത്തിലെ സ്ത്രീകളും അതുപോലെ കൊച്ചു കുട്ടികൾ പോലും അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിച്ചു എന്ന് നാം തിരിച്ചറിയണം. സ്നേഹം കൊടുത്ത് സ്നേഹം വാങ്ങുക എന്നതായിരുന്നു നായനാരുടെ സ്വഭാവം, അല്ലെങ്കിൽ മുദ്രാവാക്യം. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനായി മനുഷ്യനെ സ്നേഹിക്കാൻ കഴിയുന്ന, ഈ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പുരോഗമനപരമായ ആശയങ്ങൾ ഉൾക്കൊള്ളാനും കാലത്തിനനുസരിച്ച് മാറാനും കഴിയുന്ന ഒരു ഭരണകർത്താവായിരുന്നു അദ്ദേഹമെന്ന് ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ ഒരുപക്ഷേ സാധാരണ രാഷ്ട്രീയക്കാരനെ സംബന്ധിച്ച് രാഷ്ട്രീയത്തിൽ നിന്നുതന്നെ നിഷ്കാസിതനാകാൻ സാധ്യതയുള്ള ചില പദപ്രയോഗങ്ങൾ

അദ്ദേഹം നടത്തിയിട്ടുണ്ട്. മാണിസാർ പറഞ്ഞതുപോലെ മറ്റേതെങ്കിലും ഒരു രാഷ്ട്രീയക്കാരൻ അത് പറഞ്ഞാൽ പിന്നീട് ഒരുപക്ഷേ അദ്ദേഹം രാഷ്ട്രീയ രംഗത്തുപോലും കാണുകയില്ലാത്ത നിലയിലുള്ള പരാമർശങ്ങൾ പലപ്പോഴും അദ്ദേഹം നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രി ആയിരിക്കുമ്പോൾ അദ്ദേഹം നടത്തിയ പല പരാമർശങ്ങളും വളരെ പ്രത്യേക സ്പിരിറ്റോടുകൂടി കേരളത്തിലെ ജനങ്ങളും മാധ്യമങ്ങളും എടുത്തു. ഭഗവാന് പാറാവ് എന്തിന് എന്നു ചോദിക്കാനുള്ള ധൈര്യം കേരളാ രാഷ്ട്രീയത്തിൽ കാണിക്കാനുള്ള ഒരു തന്റേടം നായനാർക്ക് മാത്രമേയുള്ളൂ. അതുപോലെയുള്ള ഒരുപാട് കാര്യങ്ങൾ തമാശയായി നമ്മൾ പലപ്പോഴും പറയുമെങ്കിലും അദ്ദേഹം പലപ്പോഴും പറയുന്ന വളരെ കാര്യമാത്രപ്രസക്തങ്ങളായ പല കാര്യങ്ങളും അദ്ദേഹം നമ്മോടൊപ്പം ഇല്ലെങ്കിൽ പോലും മലയാളികൾ എന്നും സഖാവ് നായനാരെ ഓർക്കാൻ ഇടയാക്കും. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും കേരളത്തിൽ ഏറ്റവും കൂടുതൽകാലം മുഖ്യമന്ത്രിയായിരിക്കാനും പ്രതിപക്ഷ നേതാവായിരിക്കാനും അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനരീതികൾ കൊണ്ടും സ്വഭാവ വൈശിഷ്ട്യംകൊണ്ടും കാട്ടിത്തന്ന മാതൃക വരും തലമുറയിലെ രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു മാതൃകയാകട്ടെ, അങ്ങനെയാക്കാൻ നമ്മൾ ശ്രമിക്കണം എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും അദ്ദേഹത്തിന് ഈ സഭ രേഖപ്പെടുത്തുന്ന അനുശോചനത്തിൽ ഞാൻ പങ്കാളിയാവുകയും ചെയ്യുന്നു.

എ.എം. തോമസ്സിനെ പറ്റി, പറയാൻ യാതൊരു അർഹതയും എനിക്കില്ല, കാരണം ഞാൻ അദ്ദേഹത്തെ നേരിട്ട് അറിയില്ല. പക്ഷേ അദ്ദേഹത്തെപ്പറ്റി വായിച്ചും പറഞ്ഞുകേട്ടുമുള്ള അറിവ് മത്രമേ എനിക്കുള്ളൂ. പൊതുവെ മനുഷ്യമനസ്സിൽ വർത്തിച്ചുവരുന്ന ഈഗോ ഇവിടെ മാണിസാർ പറഞ്ഞു, അദ്ദേഹം പല പൊതുയോഗങ്ങളിലും ഒരു ശ്രോതാവിനെപ്പോലെ ഇരിക്കുമായിരുന്നു. ഒന്ന് ആലോചിക്കണം തിരു-കൊച്ചി നിയമസഭയുടെ സ്പീക്കറായും, എം.എൽ.എ. ആയും എം.പി.-യായും പല തവണ ഉന്നതമായ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന, കേന്ദ്ര മന്ത്രിയായിരിക്കാൻ സൗഭാഗ്യം ലഭിച്ച, അംബാസഡർ ആയിരിക്കാൻ ഭാഗ്യം ലഭിച്ച, ഒരുപാട് പദവികൾ വഹിക്കാൻ കഴിഞ്ഞ, മറ്റു പലർക്കും കഴിയാത്ത പദവികൾ വഹിക്കാൻ കഴിഞ്ഞ അദ്ദേഹം മനുഷ്യന്റെ മനസ്സിലെ ഈഗോ എന്ന വികാരമില്ലാതെ യോഗങ്ങളിൽ ശ്രോതാവാകാൻ സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച് തന്റെ ഗാന്ധിയൻ ആദർശങ്ങളെ പിന്തുടരാനും ശ്രമിച്ചു എന്നത് മറ്റൊരു തരത്തിൽ രാഷ്ട്രീയ പ്രവർത്തകർക്ക് മാതൃകയാകണം. ഇന്ന് രാഷ്ട്രീയ രംഗത്തും പൊതുരംഗത്തും ഈഗോ വലിയൊരു പ്രശ്നമാണ്. ആ സന്ദർഭത്തിൽ സമൂഹത്തിനും രാഷ്ട്രീയപ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും മാതൃകയാക്കാൻ കഴിഞ്ഞ മഹാനായ ഒരു നേതാവിനെക്കൂടി നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ നഷ്ടങ്ങളൊന്നും നികത്താൻ കഴിയുന്നതല്ല. എങ്കിലും അവരുടെ കുടുംബങ്ങൾക്ക് നേരിട്ടിട്ടുള്ള എല്ലാ ദുഃഖത്തിലും പങ്കാളികളാകാനും ആ ദുഃഖത്തിൽ പങ്കുചേരാനും അതുപോലെ അവരുടെ ആത്മാവിന് നിത്യശാന്തി നേരാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ഈ സഭയും, സഭാനാഥനും, സഭാംഗങ്ങളും നേതാക്കളും രേഖപ്പെടുത്തിയ ദുഃഖത്തിൽ എന്റെ പാർട്ടിയുടെയും, എന്റെയും അനുശോചനം അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കേരളത്തിന്റെ രണ്ടു സൽപുത്രന്മാരെ നമുക്ക് നഷ്ടപ്പെട്ടു. സഖാവ് നായനാരും, എ. എം. തോമസ്സും. അവരുടെ ജീവിത അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അങ്ങും, സഭാ നേതാവും, പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളും ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. നായനാർ 11 കൊല്ലം ജയിലിൽ, 11 കൊല്ലം ഒളിവിൽ, 11 കൊല്ലം ഭരണത്തിൽ. ഇതിൽ ഓരോന്നിലും അദ്ദേഹം മറ്റാരേക്കാൾ ഉന്നതനാണെന്ന് തെളിയിച്ചു. ജയിലിൽ അദ്ദേഹം പഠിച്ചു; പഠിപ്പിച്ചു. .ഒരു പത്രാധിപസമിതിയിൽ അംഗമായി ഒളിവിൽ കഴിഞ്ഞത് ഒരു ചെറിയ കാര്യമല്ല. 11 കൊല്ലം മുഖ്യമന്ത്രി ആകുന്നതോ ഏക കക്ഷി ഭരണം അവസാനിപ്പിച്ച് പരിസ്ഥിതി സമ്മർദ്ദം മൂലം മുന്നണി ഭരണം ആരംഭിച്ച കാലഘട്ടത്തിൽ ആ മുന്നണി ഭരണത്തെ നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിയുക എന്നതാണ് ശ്രമകരമായ മുഖ്യമന്ത്രി പദം. ആ മുഖ്യമന്ത്രി പദത്തിൽ അദ്ദേഹത്തോടൊപ്പം മൂന്ന് മന്ത്രിസഭയിൽ അംഗമാകാൻ ഇടവന്ന ഒരാൾ എന്ന നിലയിൽ, എനിക്ക് പല അനുഭവങ്ങളുമുണ്ട്. ഞാൻ വിദ്യാർത്ഥി ആയിരിക്കുമ്പോൾ അദ്ദേഹം കോഴിക്കോട്ട് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായിരുന്നു. ഞാൻ കണ്ണൂരിൽ നിന്ന് പഠിക്കാൻ കോഴിക്കോട്ട് വന്നപ്പോൾ അവിടുത്തെ കേരള വിദ്യാർത്ഥി യൂണിയന്റെ ജില്ലാ പ്രസിഡന്റായി പ്രവർത്തിക്കാൻ ഇടവന്ന കാലം മുതൽ "നാട്ടുകാരൻ എവിടേയാണെന്ന്" ചോദിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ചോദ്യം കേട്ട ആൾ എന്ന നിലയിലും മൂന്ന് മന്ത്രിസഭയിൽ അദ്ദേഹത്തോടൊപ്പം അംഗമാകാൻ ഇടവന്നപ്പോൾ പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ വച്ചുപുലർത്തിയിരുന്നു. ഞാൻ അദ്ദേഹത്തിന്റെ പലപ്പോഴുമുള്ള ശാസനകളും വളരെ കർക്കശമായ രീതിയിലുള്ള അദ്ദേഹത്തിന്റെ സമീപനവും കേൾക്കാൻ ഇടവന്ന ആൾ എന്ന നിലയിൽ പലപ്പോഴും അത് ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് ചില സന്ദർഭങ്ങളിൽ അദ്ദേഹത്തോട് നേരിട്ട് പറഞ്ഞപ്പോൾ പുത്രവാൽസല്യത്തോടെ അത് സ്വീകരിച്ചുകൊണ്ട് അനുനയ സമീപനം സ്വീകരിച്ചിട്ടുള്ള ഒരു മുഖ്യമന്ത്രി ഒരു പക്ഷേ ഇൻഡ്യൻ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ഐകൃ മുന്നണി പ്രതിഭാസ കാലഘട്ടത്തിൽ ഒരു മാതൃകാ മുഖ്യമന്ത്രിയായി നിൽക്കുന്നു എന്നതാണ് വസ്തുത.

സർ, നായനാർ കേരളത്തെ സംബന്ധിച്ചിടത്തോളം എന്നുമെന്നും ഓർമ്മിക്കുന്ന മുഖ്യമന്ത്രിയാണ്. കാരണം ഗാന്ധിജിയുടെ ഗ്രാമസങ്കൽപ്പത്തിന് ഉതകുന്ന രീതിയിൽ, ഭരണ ഘടനാ ഭേദഗതിയാണ് നിദാനമെങ്കിലും ഇവിടെ അംഗീകരിച്ചിട്ടുള്ള ഗ്രാമ സ്വരാജും, പഞ്ചായത്ത് രാജ് ഭരണവും ഈ ലോകം മുഴുവൻ ശ്രദ്ധിക്കപ്പെടാൻ ഇടയായിട്ടുണ്ടെങ്കിലും നായനാർക്ക് അതിനുള്ള പങ്ക് നമുക്കാർക്കും മറച്ചുവയ്ക്കാൻ കഴിയുകയില്ലല്ലോ. കമ്മ്യൂണിസ്റ്റായ അദ്ദേഹം ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലഘട്ടത്തിലാണ് രാഷ്ട്രീയത്തിൽ വന്നതെങ്കിലും ആ ഇന്ത്യൻ ഭരണഘടനാ സങ്കൽപ്പത്തെ നിർവഹണരംഗത്തെ അദ്ദേഹത്തിന്റെ പ്രായോഗികമായ ബുദ്ധി നമുക്ക് നിസ്സാരമായി കാണാൻ കഴിയുകയില്ല. തന്നെ വിശ്വസിക്കുന്ന വർഗ്ഗങ്ങളുടെ താൽപ്പര്യം കാത്തുസൂക്ഷിക്കാൻ പരിമിതികളെക്കുറിച്ചും നടപടിക്രമങ്ങളിലെ വൈകല്യങ്ങളെക്കുറിച്ചും ബോധമുണ്ടെങ്കിലും ഒരിക്കലും വിട്ടുവീഴ്ച കാണിച്ചിട്ടില്ല എന്നതാണ് രാഷ്ട്രീയ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അനുകരണീയമായ അദ്ദേഹത്തിന്റെ മഹത് നേതൃത്വം. വിശ്വാസപ്രമാണങ്ങൾ തൽക്കാല ലാഭത്തിനു വേണ്ടി കൈവിട്ടുകൂട. ആ വിശ്വാസപ്രമാണങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ

പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അതിന് മാർഗ്ഗം കണ്ടെത്തണം. അതിന് ഒരു പക്ഷെ, നേതൃത്വപരമായ വലിയ പങ്ക് കഴിഞ്ഞ 11 വർഷം മുഖ്യമന്ത്രി എന്ന രീതിയിൽ മൂന്നുതവണ അദ്ദേഹം നിർവഹിച്ചുവെന്ന് കേരള ചരിത്രത്തിൽ തങ്കലിപികളാൽ രചിക്കപ്പെട്ടു എന്നാണ് എന്റെ വിശ്വാസം. നായനാരുടെ മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചൊന്നും പറയേണ്ട കാര്യമില്ല. അദ്ദേഹത്തിന്റെ ജീവിതം എല്ലാ രീതിയിലും ഉയർന്ന തരത്തിൽ തന്നെയായിരുന്നു. അദ്ദേഹത്തെ കണ്ടവർ അദ്ദേഹത്തെ ഒരിക്കലും മറക്കാൻ ഇടവരില്ല. ദൃശ്യ മാധ്യമങ്ങൾ ജനകീയ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്താൻ, അദ്ദേഹത്തിനു സാധിച്ചു. മാധ്യമങ്ങളിൽ കോളങ്ങളിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും അത് നേടിയെടുക്കാനും മുൻകാലങ്ങളിൽ അദ്ദേഹം ചെയ്ത ശ്രമങ്ങൾ വലുതാണ്. ലോകം മുഴുവൻ ദൃശ്യമാധ്യമങ്ങളിലൂടെ നായനാർ ഇനിയും എത്രയോകാലം ജീവിക്കുമെന്നുള്ളത് വാസ്തവമാണ്. അദ്ദേഹം മറ്റ് നേതാക്കളിൽ നിന്ന് വ്യത്യസ്തമായി ഒരു പ്രത്യേക വൈഭവമുള്ള നേതാവാണ്. അങ്ങനെയുള്ള ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം നമുക്കും ദു:ഖത്തിൽ പങ്ക് ചേരാം.

സർ, വിദ്യാർത്ഥി രംഗത്ത് വന്ന കാലം മുതൽ എനിക്ക് എ.എം. തോമസിനോട് ചെറിയ തോതിൽ ബന്ധമുണ്ട്. സ്വാതന്ത്ര്യ സമരകാലം നിഷേധാത്മക സമരങ്ങളുടെ കാലഘട്ടമാണ്. അതുകൊണ്ട് ആ സമര കാലത്ത് ജനങ്ങൾ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. എന്നാൽ അന്ന് ഗാന്ധിജി നിഷേധാത്മക സമരത്തേക്കാൾ പ്രാധാന്യം കൊടുക്കാൻ ആവശ്യപ്പെട്ടിരുന്നത് നിർമ്മാണാത്മക സമരത്തിനാണ്. ആ സമരത്തിൽ തന്റെ പങ്ക് വഹിക്കുന്നതിന് എ.എം.തോമസ് ഖാദി കമ്മീഷൻ ചെയർമാൻ എന്ന രീതിയിലും, മറ്റ് പ്രവർത്തനങ്ങളിൽ കേഡഡുമായുള്ള ബന്ധത്തിലും അദ്ദേഹവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ഇടവന്നതുകൊണ്ട് പറയട്ടെ, ഗാന്ധിജിയുടെ നിർമ്മാണാത്മക രാഷ്ട്രീയത്തിൽ കേരളത്തിൽ ഓർമ്മിക്കാവുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായി എ.എം.തോമസ് നിൽക്കുന്നു. അദ്ദേഹത്തിന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ്പോലും അദ്ദേഹത്തെ പോയി കാണാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള നേതാക്കന്മാർ നാടിന് നഷ്ടപ്പെടുന്നത് നമുക്ക് വേദനയാണ്. ആ വേദനയിൽ ഞാനും പങ്ക് ചേരുന്നു. ഈ രണ്ടുപേരുടേയും പാവന സ്മരണയ്ക്കു മുമ്പിൽ നമോവാകം അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സമാദരണീയമായ രണ്ട് നേതാക്കളുടെ നിര്യാണത്തിൽ അനുശോചിച്ചു കൊണ്ട് അങ്ങും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും, മറ്റ് കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. നായനാരെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ മണിക്കൂറുകൾ സംസാരിക്കാൻ കഴിയും. അതിൽ നിന്നെല്ലാം വ്യക്തമാകുന്നത് സഖാവ് നായനാർ, സഖാവ് നായനാർ മാത്രമെന്നാണ്. സഖാവ് നായനാർക്ക് തുല്യനായി മറ്റൊരാൾ ഇല്ല. അദ്ദേഹത്തെ വേറൊരു നേതാവിനോട് താരതമ്യപ്പെടുത്താൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ വ്യക്തിത്വം അത്രയും വ്യത്യസ്തമാണ്. എനിക്ക് അദ്ദേഹത്തെ പരിചയപ്പെടാൻ അവസരം ലഭിച്ചത് 1987-ൽ ആദ്യമായി ഞാൻ നിയമസഭയിൽ വരുമ്പോഴാണ്. അന്ന് അദ്ദേഹം മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹത്തെ കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നത് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ശ്രീ. ബേബി ജോണുമായി അദ്ദേഹത്തിന് ഉണ്ടായിരുന്ന വ്യക്തിപരമായ അടുപ്പംമൂലമാണ്. പലപ്പോഴും നായനാരെക്കുറിച്ചുള്ള ശ്രീ. ബേബി സാറിന്റെ വാക്കുകളാണ് എനിക്ക് ഓർമ്മ വരുന്നത്. ആ മന്ത്രിസഭയിലും പിന്നീടുള്ള മന്ത്രിസഭകളിലുമൊക്കെ മുഖ്യമന്ത്രിയോടൊപ്പം എല്ലാ കാര്യങ്ങളിലും അദ്ദേഹം പങ്കു വഹിച്ചിരുന്നു. സഖാവ് നായനാരെക്കുറിച്ച് പല കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിൽ നിന്നെല്ലാം വ്യത്യസ്തമായി എനിക്ക് അദ്ദേഹത്തെക്കുറിച്ച് തോന്നിയിട്ടുള്ളത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരൻ അല്ലെങ്കിൽ ഭരണാധികാരി എന്നുള്ളതിൽ നിന്നെല്ലാം വ്യത്യസ്തമായി സ്നേഹിതൻ എന്ന നിലയിൽ എപ്പോഴും സ്നേഹിക്കാൻ മാത്രം പഠിപ്പിച്ചിട്ടുള്ള ഒരു നേതാവിനെയാണ്. അതിർവരമ്പുകളില്ലാത്ത സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത എന്നെനിക്ക് തോന്നുന്നു. അദ്ദേഹം ആരെ വിമർശിച്ചാലും എന്തെല്ലാം കടുത്ത ഭാഷയിൽ വിമർശിച്ചാലും അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളിൽ നിന്നുകൊണ്ട് കർക്കശക്കാരനായ കമ്മ്യൂണിസ്റ്റുകാരന്റെ വീക്ഷണഗതിയിലൂടെ കാര്യങ്ങൾ കാണുകയും അത് അവതരിപ്പിക്കുകയും അതിനെതിരായി വരുന്ന ഏത് ആക്രമണത്തെയും നേരിടാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ നിഷ്കളങ്കമായ സ്നേഹം ഉള്ളിന്റെയുള്ളിൽ അദ്ദേഹം വച്ചുപുലർത്തിയിരുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ അനുഭവം എനിക്ക് ഉണ്ടായി. ശ്രീ. ബേബി ജോൺ വളരെ ഗുരുതരമായ രോഗബാധിതനായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുമ്പോൾ അവിടെ അദ്ദേഹത്തെ സന്ദർശിക്കാൻ വന്ന നായനാർ പൊട്ടിക്കരഞ്ഞു. നിഷ്ക്കളങ്കനായിരുന്നു നായനാർ. അതൊക്കെ ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങളായിരുന്നു. നിഷ്കളങ്കതയുടെ ഏറ്റവും ഉദാത്തമായ നിമിഷമായിത്തന്നെ എന്നും അത് കാണുന്നു. ശ്രീ. ബേബി ജോൺ രോഗബാധിതനായി കഴിയുമ്പോൾ മിസ്സിസ് ബേബി ജോണിനെ ഏറ്റവും കൂടുതൽ ആശ്വസിപ്പിച്ചത് നായനാരാണ്. അദ്ദേഹം വളരെ ശക്തമായി പറഞ്ഞു, ബേബി തിരിച്ചുവരുമെന്ന്. ഇങ്ങനെയുള്ള ഒരു രോഗത്തിന് അദ്ദേഹം അടിമയാവുകയില്ലെന്ന് പറഞ്ഞു. എനിക്ക് അറിയാവുന്ന ബേബി ഈ രോഗത്തിൽ നിന്ന് വിമുക്തനായി തിരിച്ചുവരുമെന്ന് പറഞ്ഞ് വളരെ കൂടുതലായി ആശ്വസിപ്പിച്ചത് അദ്ദേഹമാണ്. അതിനുശേഷം അദ്ദേഹം കൊല്ലത്തുചെന്ന് ശ്രീ. ബേബിജോണിനെ കണ്ടപ്പോൾ അത് ഓർമ്മിപ്പിക്കുകയും ചെയ്തു. ഇത്രയും വലിയ ഒരു കമ്മ്യൂണിസ്റ്റു കാരനായിരുന്നു അദ്ദേഹമെന്ന് കേരളത്തിലെ ജനങ്ങൾ എന്നും ഓർക്കും. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല.

അതുപോലെതന്നെ എ. എം. തോമസ് ഒരു മാതൃകാ കോൺഗ്രസ് ഗാന്ധിയനായിരുന്നുവെന്ന് ഇവിടെ സൂചിപ്പിക്കപ്പെട്ടു. എനിക്ക് അദ്ദേഹത്തെ നേരിട്ട് പരിചയമില്ല. കേട്ടറിവുമാത്രമുള്ള വ്യക്തിത്വമാണ് എ. എം. തോമസിന്റേത്. അദ്ദേഹം പ്രവർത്തിച്ച മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് മാതൃകാ ഗാന്ധിയനായി പ്രവർത്തിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ രണ്ട് മഹത് വ്യക്തികളുടേയും ദേഹവിയോഗത്തിൽ ഇവിടെ എല്ലാപേരും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിച്ചുകൊണ്ട് ആ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട സഖാവ് ഇ. കെ. നായനാരുടേയും മുൻ നിയമസഭാ സ്പീക്കർ എ. എം. തോമസിന്റേയും ജീവിതം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

വികാരത്തോട് ഞാൻ യോജിക്കുകയാണ്. സഖാവ് ഇ.കെ. നായനാർക്ക് തുല്യമായി അദ്ദേഹമല്ലാതെ മറ്റാരേയും കാണാൻ കഴിയുകയില്ല. സ്വാഭാവികമായും അദ്ദേഹം ആദ്യമായി മുഖ്യമന്ത്രിയായി 1980-ൽ വരുന്ന കാലഘട്ടത്തിലാണ് ഞാൻ ഈ നിയമസഭയിൽ അംഗമായി കടന്നുവരുന്നത്. അദ്ദേഹം അദ്ദേഹത്തിന്റെ ഭരണ കാലഘട്ടത്തിൽ മാത്രമല്ല അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തന ജീവചരിത്രം എഴുതുമ്പോഴും ഞാൻ പ്രതിനിധാനം ചെയ്യുന്ന എന്റെ നിയോജകമണ്ഡലവുമായി അദ്ദേഹത്തിന് വലിയ ഒരു ബന്ധമുണ്ടായിരുന്നു. അദ്ദേഹം ഒളിവു ജീവിതം നയിക്കുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന് സംരക്ഷണം കൊടുത്തത് പുഞ്ചാർ എന്ന നാടാണെന്ന് ഓർക്കുമ്പോൾ വലിയ സന്തോഷമുണ്ട്. ഞാൻ അദ്ദേഹത്തോട് ഒരു പ്രാവശ്യം ചോദിച്ചു, അങ്ങ് എന്തുകൊണ്ട് പുഞ്ചാർ വന്ന് ഒളിച്ചിരിക്കാൻ ഇടയായിയെന്ന്. അപ്പോൾ പറഞ്ഞത് കത്തോലിക്ക മതവിഭാഗങ്ങളുടെയിടയിൽ പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് വിരുദ്ധന്മാരായിട്ടുള്ള ആളുകളുടെ പ്രദേശത്ത് ഞാൻ ഒളിവുജീവിതം നയിക്കുമെന്ന് പോലീസ് കരുതാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടാണ് എന്നെ അങ്ങോട്ട് നിയോഗിച്ചതെന്ന് പറഞ്ഞു. അദ്ദേഹം ഒളിവുജീവിതം നയിച്ച കുടുംബങ്ങൾ മുഴുവൻ ഇന്നും അദ്ദേഹത്തിന്റെ രാഷ്ട്രീയ ആദർശത്തിലേയ്ക്ക് ചിന്തിക്കാൻ പ്രേരണകൊടുക്കാൻ അദ്ദേഹത്തിന്റെ ഒളിവുജീവിതത്തിന് കഴിഞ്ഞുവെന്നത് ഞാൻ വിസ്മരിക്കുന്നില്ല. എ.കെ.ജി.ക്കുശേഷം രാഷ്ട്രീയത്തിനതീതമായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചുപറ്റിയ ഒരു നേതാവ് നായനാരല്ലാതെ ആരെങ്കിലുമുണ്ടോ? അദ്ദേഹത്തിന്റെ ഭരണനേട്ടങ്ങളിൽ ഏറ്റവും സന്തോഷിച്ച നിമിഷങ്ങൾ ഏതെന്ന് അദ്ദേഹം പ്രസംഗിക്കുന്നത് പലപ്രാവശ്യം ഞാൻ കേട്ടിട്ടുണ്ട്.

ഭഗവാനെന്തിന് പാറാവ് എന്ന് മുഖ്യമന്ത്രി കസേരയിലിരുന്നുകൊണ്ട് അദ്ദേഹത്തിന് ചോദിക്കുവാൻ കഴിഞ്ഞു. ഏറ്റവും വലിയ നിരീശ്വരവാദിയെക്കൊണ്ടുപോയി മുഖ്യമന്ത്രി കസേരയിലിരുത്തിയാലും ഏറ്റവും വലിയ യുക്തിവാദി മുഖ്യമന്ത്രി കസേരയിലിരുന്നാലും കേരളത്തിൽ അങ്ങനെ ചോദിക്കുവാൻ തന്റേടം കാണിക്കുമെന്ന വിശ്വാസമില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തെ ഏറ്റവും വലിയ പ്രത്യേകത, വളർന്നുവരുന്ന വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടം. അത് നിസ്സാരമായി കാണാൻ കഴിയില്ല. അദ്ദേഹം മുഖ്യമന്ത്രി കസേരയിലിരുന്ന ഒരു കാലഘട്ടത്തിലും വർഗ്ഗീയതയുടെ പേരിൽ ഒരു മനുഷ്യജീവൻപോലും കൊച്ച് കേരളത്തിൽ നഷ്ടപ്പെടാൻ അനുവദിച്ചില്ല എന്നത് ഏറ്റവും മഹത്തരമായ നേട്ടമായി തന്നെയാണ് ഞാൻ കാണുന്നത്. നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർ കരയാറുണ്ടെങ്കിൽപ്പോലും സ്നേഹത്തിന്റെ പേരിൽ പൊട്ടിക്കരയുന്ന ഒരു രാഷ്ട്രീയ നേതാവ് സഖാവ് ഇ.കെ. നായനാർ മാത്രമാണെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാന്യനായ ബാബു ദിവാകരൻ സൂചിപ്പിച്ചതുപോലെ സഖാവ് ബേബി ജോൺ ശയ്യാവലംബിതനായി കിടക്കുമ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട് അദ്ദേഹത്തെ സന്ദർശിക്കുന്ന സഖാവ് ഇ.കെ. നായനാരെ നമുക്ക് മറക്കുവാൻ കഴിയില്ല. അങ്ങനെ മനുഷ്യസ്നേഹത്തിന്റെ വില ജനങ്ങൾക്ക് ബോധ്യപ്പെടുത്തി കൊടുത്ത വലിയൊരു മനുഷ്യസ്നേഹിയെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ തിരോധാനം, അദ്ദേഹത്തിന്റെ നിര്യാണംകൊണ്ടുണ്ടായ നഷ്ടം, ആ ശൂന്യത നികത്താൻ കഴിയില്ല എന്ന വിശ്വാസമുണ്ട്. അദ്ദേഹത്തിന്റെ പ്രസ്ഥാനം കേരളത്തിലെ ജനങ്ങൾക്ക് മാത്രമല്ല, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനുണ്ടായ നഷ്ടം വളരെ വലുതാണ്. നഷ്ടങ്ങൾ നികത്തപ്പെടുമായിരിക്കാമെങ്കിലും സഖാവ് നായനാർക്ക് പകരമായി മറ്റൊരു വ്യക്തിയെ പ്രതിഷ്ഠിക്കുവാൻ നമുക്ക് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹത്തിന്റെ വേദനിക്കുന്ന കുടുംബാംഗങ്ങളെ എന്റെ ദുഃഖം ഞാൻ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെത്തന്നെ പ്രിയങ്കരനായിരുന്ന എ. എം. തോമസ് ഒരു ഗാന്ധിയനായിരുന്നു. അദ്ദേഹം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സദാചാരങ്ങൾക്ക് വിരുദ്ധമായി മാന്യതയോടുകൂടി രാഷ്ട്രീയ പ്രവർത്തനം നടത്തി. ഉന്നതമായ പല പദവികളും അലങ്കരിച്ച പ്രിയപ്പെട്ട എ.എം. തോമസ്സിന്റെ നിര്യാണത്തിലും ഞാൻ ദുഃഖം രേഖപ്പെടുത്തുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കാം.

സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(ജൂൺ മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 12.05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly